# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ (പി.കെ.ഡി)-പി.16/1376/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 03/10/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ (പി.കെ.ഡി)-പി.16/1376/23 തീയ്യതി: 03/10/2023

## പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-09-2022 മുതൽ 09-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാം മനോഹർ വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 20-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-07-2023 | 20-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രീത.യു ഓഡിറ്റ് ഓഫീസർ
താരിഖ് എം.എസ് സീനി.ഗ്രേഡ് ഓഡിറ്റർ
കാർത്തിക. പി സീനി.ഗ്രേഡ് ഓഡിറ്റർ
ബേബി.കെ ഓഡിറ്റർ
അശ്വിനി ടി.കെ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ. സുരേഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ഇന്ദു.ബി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അർച്ചന സി.ആർ | കൃഷി ഓഫീസർ | 01-04-2022 | 10-08-2022 |
| ശ്രീ റജിൻ റാം | കൃഷി ഓഫീസർ | 11-08-2022 | 02-01-2023 |
| ശ്രീമതി ദീപ | കൃഷി ഓഫീസർ | 03-01-2023 | 13-02-2023 |
| ശ്രീ റജിൻ റാം | കൃഷി ഓഫീസർ | 14-02-2023 | 31-03-2023 |
| ശ്രീമതി ആയിഷാബി | അസി.എഞ്ചിനീയർ | 01-04-2022 | 05-09-2022 |
| ശ്രീമതി സബ്ന | അസി.എഞ്ചിനീയർ | 06-09-2022 | 31-03-2023 |
| ഡോ.ഷൈലജ. ടി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ. സുജാത.എസ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 04-01-2023 |
| ഡോ. ജ്യോതിഷ്.വി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 05-01-2023 | 11-01-2023 |
| ഡോ. ഷർജാൻ അഹമ്മദ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 12-01-2023 | 31-03-2023 |
| ഡോ. ഷൈനി.എൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 20-06-2022 |
| ഡോ.ധന്യ.എസ് | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 21-06-2022 | 31-03-2023 |
| ഡോ. ജിനി കെ.എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ കെ.എം നാരായണൻകുട്ടി | ഹെഡ് മാസ്റ്റർ | 01-04-2022 | 31-05-2022 |
| ശ്രീ സതീഷ് കുമാർ | ഹെഡ് മാസ്റ്റർ ഇൻചാർജ് | 01-06-2022 | 30-06-2022 |
| ശ്രീമതി ശ്രീജ. ആർ | ഹെഡ് മിസ്ട്രസ്സ് | 01-07-2022 | 31-03-2023 |
| ശ്രീമതി ലിഷ വി.ജെ | വി.ഇ.ഒ 1 | 01-04-2022 | 15-07-2022 |

| | | | |
|---|---|---|---|
| ശ്രീമതി സജിത കുമാരി.പി | വി.ഇ.ഒ 1 | 16-07-2022 | 02-08-2022 |
| ശ്രീമതി ഗായത്രി | വി.ഇ.ഒ 1 | 03-08-2022 | 31-03-2023 |
| ശ്രീമതി ലിഷ വി.ജെ | വി.ഇ.ഒ 2 ഇൻചാർജ് | 01-04-2022 | 05-06-2022 |
| കുമാരി ആഷിക | വി.ഇ.ഒ 2 | 06-06-2022 | 31-03-2023 |
| ശ്രീ സുരേഷ് കുമാർ.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 25-11-2022 |
| ശ്രീമതി പ്രസന്ന ടി.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 26-11-2022 | 31-03-2023 |
| ശ്രീമതി രാധ.കെ | ഐ. സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 09-01-2023 |
| ശ്രീമതി ഖദീജ എം.എസ് | ഐ. സി.ഡി.എസ് സൂപ്പർവൈസർ | 10-01-2023 | 31-03-2023 |
| ശ്രീ ഗോകുൽദാസ് ടി.ആർ | അസി.സെക്രട്ടറി | 01-04-2022 | 22-10-2022 |
| ശ്രീമതി റസീന എ.എ | അസി.സെക്രട്ടറി | 23-10-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കേഷൻ | 1-1 |
| 2 | കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ബാങ്ക് ബുക്കിലെ നീക്കിയിരുപ്പിൽ വ്യത്യാസം | 1-1-2 |
| 4 | പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല | 1-1-3 |
| 5 | തനത് ഫണ്ടിന്റെ പേമെന്റുകൾക്ക് സെൽഫ് ചെക്ക് മുഖേനയുള്ള പിൻവലിക്കൽ അത്യാവശ്യത്തിനുമാത്രം ഉപയോഗിക്കേണ്ടതാണ് | 1-1-4 |
| 6 | ചെക്ക് നോട്ട് ക്രെഡിറ്റഡ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയ ചെക്കുകൾ നാളിതുവരെയായിട്ടും ക്രെഡിറ്റ് ആയിട്ടില്ല | 1-1-5 |
| 7 | ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല | 1-1-6 |
| 8 | ഡെപ്രീസിയേഷൻ വ്യത്യാസമില്ലാതെ തുടരുന്നു | 1-1-7 |
| 9 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ അഡ്വാൻസ് - ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള തുകകളുടെ വിശദവിവരം ലഭ്യമല്ല. സംയുക്ത പദ്ധതികൾക്കായി ലഭ്യമായ തുകകൾ വിനിയോഗിക്കപ്പെടാതെ നീക്കിയിരുപ്പായി അവശേഷിക്കുന്നു. | 1-1-9 |
| 11 | തൻവർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂളുകൾ 2021-22 സാമ്പത്തിക വർഷത്തെ ഷെഡ്യൂളുകളിൽ നിന്ന് വ്യത്യസ്തമല്ല. | 1-1-10 |
| 12 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകതകൾ | 1-1-11 |
| 13 | ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-12 |
| 14 | അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും തുല്യമല്ല | 1-1-13 |
| 15 | വാടക രജിസ്റ്ററിൽ കൃത്യമായി വരവ് രേഖപ്പെടുത്തുകയോ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമപദ്ധതികൾ | 1-7 |

| | | |
|---|---|---|
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | രസീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-11 |
| 26 | തൊഴിൽ നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| 27 | സ്ഥാപനമേധാവി സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണിൽ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല. | 1-12-1 |
| 28 | റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. | 1-12-2 |
| 29 | വസ്തുനികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-13 |
| 30 | 60 ചതുരശ്ര മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള പാർപ്പിടങ്ങൾക്ക് വസ്തുനികുതി ഈടാക്കിയിരിക്കുന്നു | 1-13-1 |
| 31 | അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-13-2 |
| 32 | വസ്തുനികുതി കുടിശ്ശിക 6,54,828/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു | 1-13-3 |
| 33 | വസ്തുനികുതി പരിഷ്കരണം 2023- നിലവിലെ സ്ഥിതി | 1-14 |
| 34 | ലൈസൻസ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-15 |
| 35 | ചട്ടപ്രകാരം ഈടാക്കാവുന്ന പരമാവധിയിലും അധികം ലൈസൻസ് ഫീസ് ഈടാക്കി | 1-15-1 |
| 36 | ILGMS (ഇന്റഗ്രേറ്റഡ് ലോക്കൽ സെൽഫ് ഗവൺമെന്റ് മാനേജ്മെന്റ് സിസ്റ്റം) മുഖേന സമർപ്പിച്ചിട്ടുള്ള ലൈസൻസ് അപേക്ഷകളിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല | 1-15-2 |
| 37 | ലൈസൻസ് ലഭിക്കുന്നയാൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ | 1-15-3 |
| 38 | ഓഡിറ്റോറിയത്തിന്റെ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ | 1-16 |
| 39 | വാടക-ബൈലോ ഹാജരാക്കേണ്ടതാണ്. | 1-16-1 |
| 40 | വാടക വരവ് കാലാനുസൃതമായ വർദ്ധനവ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-16-2 |
| 41 | ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ | 1-17 |
| 42 | വരുമാനവർദ്ധനവ് വരുത്തുന്നതിന് സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ് | 1-17-1 |
| 43 | പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണ്. | 1-17-2 |
| 44 | കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ് | 1-17-3 |

| | | |
|---|---|---|
| 45 | തെരുവ് വിളക്കുകളുടെ പരിപാലനം - തനത് ഫണ്ടിൽ നിന്നും ഒടുക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ് | 1-18 |
| 46 | കെ എസ് ഇ ബി മുഖേന ഡെപ്പോസിറ്റ് പ്രവൃത്തി -ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ എന്നിവ ഹാജരാക്കേണ്ടതാണ് | 1-19 |
| 47 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്പ് -തുടർ മോണിറ്ററിംഗ് നടത്തേണ്ടതാണ് | 1-20 |
| 48 | വയോജനങ്ങൾക്ക് കട്ടിൽ- അർഹതയില്ലാത്ത വ്യക്തികൾക്ക് ആനുകൂല്യം അനുവദിച്ചു | 1-21 |
| 49 | അങ്കണവാടി നിർമ്മാണത്തിനായി തുക നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-22 |
| 50 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമായിട്ടില്ല. | 1-23 |
| 51 | സുഭിക്ഷകേരളം പദ്ധതി-തരിശു ഭൂമി കൃഷി പ്രോത്സാഹനം- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-24 |
| 52 | എ.ബി.സി പ്രോഗ്രാം - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-25 |
| 53 | എസ്.എസ്.കെ പഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-26 |
| 54 | ലൈഫ് ഭവന പദ്ധതി - വിവിധ ഗഡുക്കൾ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 55 | ഭവന പുനരുദ്ധാരണം - പദ്ധതി പൂർത്തീകരണം മോണിട്ടർ ചെയ്യേണ്ടതാണ് | 1-28 |
| 56 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം | 1-29 |
| 57 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ - പൊതുമരാമത്ത് വകുപ്പ് മാന്വൽ വ്യവസ്ഥകൾ പാലിച്ചിട്ടില്ല | 1-30 |
| 58 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- വിവരങ്ങൾ | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Annual Financial Statement | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കേഷൻ

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.06.2023 ലെ 32(1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 22.06.2023- ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. 3. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:

തീയതി: /07/2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

### 1-1-2 ബാങ്ക് ബുക്കിലെ നീക്കിയിരുപ്പിൽ വ്യത്യാസം

താഴെ പറയുന്ന അക്കൗണ്ടുകൾ പ്രകാരമുള്ള ബാങ്ക് ബുക്കുകളുടെ നീക്കിയിരുപ്പുകളിൽ വ്യത്യാസം നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കോഡ് | ബാങ്ക് /അക്കൗണ്ട് നം | വാർഷിക ധനകാര്യ പത്രിക 2021-2022RP 40-(b) | വാർഷിക ധനകാര്യ പത്രിക 2022-2023 RP 40-(a) | വ്യത്യാസം |
|---|---|---|---|---|---|
| 1 | 450210101 | SBI /37344888503 | 4180758.00 | 4212863 | 32105 |
| 2 | 450210101 | HDFC/50100340574943 | 547111 | 515006 | 32105 |

എസ്.ബി.ഐയുടെ അക്കൗണ്ടിൽ ഓൺലൈൻ പേമെന്റ് സംവിധാനം ഏർപ്പെടുത്തിയതും എച്ച്.ഡി.എഫ്.സിയുടെ അക്കൗണ്ട് ഫ്രണ്ട് ഓഫീസിൽ സ്കാനിങ് സംവിധാനം ഏർപ്പെടുത്തിയതുമാണ്. ഈ വിഷയം സംബന്ധിച്ച എൻക്വയറിയ്ക്ക് (19/15.7.2023) നൽകിയ മറുപടിയിൽ എച്ച്.ഡി.എഫ്.സിയുടെ അക്കൗണ്ടിലെ തുക എസ്.ബി.ഐയുടെ ഓൺലൈൻ അക്കൗണ്ടിലേയ്ക്ക് ക്രമീകരിച്ചതാണെന്ന് അറിയിച്ചിട്ടുണ്ട് .

### 1-1-3 പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല

പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടം 57 പ്രകാരം ബാങ്ക് /ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ തുകകൾ ഓരോ മാസത്തിന്റെയും, അവസാനം ലഭിക്കുന്ന ബാങ്ക് /ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതാണ്. സെക്രട്ടറി പൊരുത്തപ്പെടുത്തൽ പത്രിക സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ തനത് ഫണ്ടിന്റെ എസ്.ബി.ഐ യുടെ ഓൺ ലൈൻ അക്കൗണ്ട് (37344888503) മാർച്ച്/2023നു ശേഷം പ്രതിമാസം റീകൺസിലിയേഷൻ നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ എൻക്വയറിയ്ക്ക് (19/2023 തീയതി 17.7.2023) ലഭ്യമാക്കിയ മറുപടിയിൽ ടി അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. എല്ലാ മാസവും 5-ാം തീയതിക്കകം അക്കൗണ്ടന്റ് തയ്യാറാക്കേണ്ട ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക ഏപ്രിൽ മുതൽ ജൂലൈ വരെ തയ്യാറാക്കാതിരുന്നത് ശരിയായ പ്രവൃത്തിയല്ല. ടി അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-1-4 തനത് ഫണ്ടിന്റെ പേമെന്റുകൾക്ക് സെൽഫ് ചെക്ക് മുഖേനയുള്ള പിൻവലിക്കൽ അത്യാവശ്യത്തിനുമാത്രം ഉപയോഗിക്കേണ്ടതാണ്

തനത് ഫണ്ടിന്റെ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൌണ്ടിന്റെ പല ചെലവുകളും കോൺട്ര എൻട്രി എന്ന മോഡിലാണ് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബാങ്ക്/അക്കൌണ്ട് നം. | ബാങ്ക് ബുക്ക് പ്രകാരം തീയതി | തുക | പാസ് ബുക്ക് നിന്നും പിൻവലിച്ചതീയതി |
|---|---|---|---|---|
| 1 | 762836 | 23.12.2022 | 2755 | 19.12.2022 |
| 2 | 762844 | 17.1.2023 | 154802 | 16.1.2023 |
| 3 | 762838 | 30.12.2022 | 14596 | 30.12.2022 |
| 4 | 762851 | 30.1.2023 | 9036 | 30.1.2023 |
| 5 | 762853 | 1.2.2023 | 14613 | 4.12.2022 |
| 6 | 764660 | 17.3.2023 | 10576 | 15.3.2023 |
| 7 | 764661 | 17.3.2023 | 17343 | 17.3.2023 |
| 8 | 764662 | 27.3.2023 | 2504 | 28.3.2023 |
| 9 | 762825 | 4.11.2022 | 201 | 4.11.2022 |
| 10 | 762847 | 10.11.2022 | 6275 | 10.11.2022 |

മേൽ പരാമർശിച്ച ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള പേമെന്റുകൾ ഐ.എൽ.ജി.എം.എസ് ബാങ്ക് ബുക്ക് പ്രകാരം കോൺട്ര എൻട്രി വഴി ഡെബിറ്റ് സൈഡിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ നിരന്തരമായിട്ടാണ് കോൺട്ര എൻട്രി ഉപയോഗിച്ചുകാണുന്നത് . ഈ വിഷയം സംബന്ധിച്ച എൻക്വയറിയ്ക്ക് (19/15.7.2023) നൽകിയ മറുപടിയിൽ ഇവയെല്ലാം സെൽഫ് ചെക്ക് മുഖേന കാഷ് ആയി പേമെന്റ് ചെയ്തിട്ടുള്ളതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ബാങ്കിൽ നിന്നും ക്യാഷിലേയ്ക്കും (Bank A/c To Cash A/c) കാഷിൽ നിന്ന് ബാങ്കിലേയ്ക്കും (Cash A/c To Bank) ഉള്ള ഇടപാടുകൾക്കാണ് കോൺട്ര എൻട്രി നടത്തേണ്ടത്. സെൽഫ് ചെക്ക് മുഖേന പിൻവലിക്കുന്ന തുക കോൺട്ര എൻട്രി വഴി ബാങ്കിൽ നിന്നും കാഷിലേയ്ക്ക് (Cash A/c Debited To Bank A/c) സ്ഥാപനത്തിന്റെ കൈവശം വന്നു ചേരുന്നു. ജി.ഒ.പി 177/2006 12.4.2006 തീയതിയിലെ ഉത്തരവ് ഖണ്ഡിക 8 പ്രകാരം വ്യക്തി /സ്ഥാപനം /കോൺട്രാക്ടർ / സപ്ലെയർ എന്നിവർക്ക് ലഭ്യമാക്കുന്ന 1000രൂപയിൽ താഴെയുള്ള തുക മാത്രമേ പണമായി ലഭ്യമാക്കാവൂ എന്ന് വ്യക്തമാക്കുന്നുണ്ട്.

പിൻവലിക്കുന്ന സെൽഫ് ചെക്കുകളിൽ പലതും 1000/- രൂപയിൽ കൂടുതലാണ്. ഐ.എൽ.ജി.എം.എസിലെ പരിശോധനയിൽ ടി തുകകൾ പിൻവലിച്ചിരിക്കുന്നത് അക്കൌണ്ടന്റിന്റെ പേരിലാണ്. ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിൽ പിൻവലിക്കുന്ന തുകകൾ കൂടുതലായും ഉപയോഗിക്കുന്നത് ഇലക്ട്രിസിറ്റി, വാട്ടർ ചാർജ്, ടെലിഫോൺ ബിൽ എന്നിവ അടയ്ക്കുന്നതിനാണെന്ന് വ്യക്തമായി. തനത് ഫണ്ടിനു തന്നെ നാല് ബാങ്ക് അക്കൗണ്ടുകൾ നിലവിൽ ഉണ്ട് ആയതിനാൽ ടി ചാർജുകൾ അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാന ത്തിലൂടെയുള്ള പേമെന്റ് നടപടികൾ സ്വീകരിക്കേണ്ടതാണ്. സെൽഫ് ചെക്ക് മുഖേനയുള്ള പിൻവലിക്കൽ രീതി അത്യാവശ്യത്തിനുമാത്രം ഉപയോഗിക്കേണ്ടതാണ്.

### 1-1-5 ചെക്ക് നോട്ട് ക്രെഡിറ്റഡ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയ ചെക്കുകൾ നാളിതുവരെയായിട്ടും ക്രെഡിറ്റ് ആയിട്ടില്ല

തനത് ഫണ്ടിന്റെ ഐ.കെ.എം സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച എസ്.ബി.ഐ യുടെ ബാങ്ക് അക്കൌണ്ടിന്റെ പൊരുത്തപ്പെടുത്തൽ പത്രികയിൽ ചെക്ക് നോട്ട് ക്രെഡിറ്റഡ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയ ചെക്കുകൾ നാളിതുവരെയായിട്ടും ക്രെഡിറ്റഡ് ആയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തീയതി | വൌച്ചർ നം. | തുക |
|---|---|---|---|
| 1 | 8.2.2023 | 1220000615 | 5 |
| 2 | 13.2.2023 | 1220000622 | 120 |
| 3 | 13.2.2023 | 1220000624 | 120 |
| 4 | 15.2.2023 | 1220000627 | 5 |
| 5 | 16.2.2023 | 1220000631 | 5 |
| 6 | 1210000345 | 31.3.2022 | 289 |
| 7 | 1210000346 | 31.3.2022 | 594 |
| 8 | 122000018 | 18.4.2022 | 1400 |
| 9 | 122000041 | 16.5.2022 | 120 |
| 10 | 1220000168 | 10.8.2022 | 408 |
| 11 | 1220000244 | 21.9.2022 | 120 |
| 12 | 1220000645 | 24.2.2023 | 120 |
| 13 | 1220000733 | 25.3.2023 | 943 |
| 14 | 1220000776 | 31.3.2023 | 2051 |
| 15 | 1220000779 | 31.3.2023 | 870 |
| 16 | 1220000364 | 11.11.2022 | 220 |
| 17 | 1210000344 | 31.3.2022 | 1616 |
| 18 | 1220000251 | 24.9.2022 | 120 |
| 19 | 1220000247 | 22.9.2022 | 5 |
| 20 | 1220000775 | 31.3.2023 | 114327 |
| 21 | 1220000245 | 22.9.2022 | 120 |
| 22 | 1220000366 | 11.11.2022 | 120 |
| 23 | 1220000366 | 11.11.2022 | 24 |
| 24 | 1220000015 | 13.4.2022 | 120 |
| 25 | 1220000016 | 13.4.2022 | 120 |

എസ്.ബി.ഐയുടെ അക്കൌണ്ടിൽ ഓൺലൈൻ പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയ ടി ബാങ്കിൽ മാർച്ചിലെ റീകൺസിലേഷൻ പത്രിക പ്രകാരം ഇത്തരത്തിൽ ആകെ 130847 രൂപ ലഭിക്കാനുണ്ട്. ടി തുകകളിൽ സമയ പരിധി കഴിഞ്ഞ ചെക്കുകൾ വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓൺലൈൻ വരവുകൾ Receipt ആക്കപ്പെടുന്ന അവസരത്തിൽത്തന്നെ മുഴുവൻ തുകയും ബാങ്കിൽ ക്രെഡിറ്റ് ആകുന്ന തരത്തിലുള്ള സോഫ്റ്റ്‌വെയർ സംവിധാനമല്ല നിലവിൽ ഉള്ളത്. ആയതിനാൽ ബാങ്ക് റീക്കൺസിലിയേഷൻ വിൻഡോയിൽ അവശേഷിക്കുന്ന ഭൂരിഭാഗം തുകകളും സാമ്പത്തിക വർഷത്തിനു ശേഷമാണ് ബാങ്കിൽ ക്രെഡിറ്റ് ആകുന്നത്. ഇതു സംബന്ധിച്ച നൽകിയ എൻക്വയറിയ്ക്ക് (19/2023 തീയതി 17.7.2023) ലഭ്യമാക്കിയ മറുപടിയിൽ ടി അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

### 1-1-6 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(a) - Accumulated Depreciation എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

### 1-1-7 ഡെപ്രീസിയേഷൻ വ്യത്യാസമില്ലാതെ തുടരുന്നു

മുൻ വർഷത്തെ ബാലൻസ് ഷീറ്റിൽ പ്ലാന്റ് ആൻഡ് മെഷീനറിക്കായി രേഖപ്പെടുത്തിയ തുക 240146 (2021-2022 Balance Sheet Schedule B-11(a) – Accumulated Depriciation – Head- 416100106- Plant &

Machinery- -240146/) തൻ വർഷത്തിലും മാറ്റമില്ലാതെ തുടരുന്നു. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (19/15.7.2023) Plant & Machinery ഇനത്തിൽ ഡെപ്രീസിയേഷൻ ചെയ്യുന്നതിനുള്ള തുകകൾ ഒന്നും തന്നെ ഇല്ല എന്നും പ്രസ്തുത തുക മുൻ വർഷങ്ങളിൽ ഹെഡ് മാറി ഡെപ്രീസിയേഷൻ കാണിച്ചിട്ടുള്ളതാണ് എന്നാണ് വിശദീകരണം നൽകിയിരിക്കുന്നത്. ആയതിനാൽ ടി പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-8 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ അഡ്വാൻസ് - ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

നിക്ഷേപ പ്രവൃത്തികൾക്കായി കെ എസ് ഇ ബിക്ക് തൻവർഷം കൈമാറിയ തുക- 1996807/-രൂപയുടെ വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ലെന്നിരിക്കെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം B-18 Advance To Implementing Agencies 460500202- എന്ന ഹെഡ്ഡിൽ 1563149/- രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിക്ഷേപ പ്രവൃത്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുകയുടെ വിവരങ്ങൾ ലഭ്യമല്ല.

1-1-9 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള തുകകളുടെ വിശദവിവരം ലഭ്യമല്ല. സംയുക്ത പദ്ധതികൾക്കായി ലഭ്യമായ തുകകൾ വിനിയോഗിക്കപ്പെടാതെ നീക്കിയിരുപ്പായി അവശേഷിക്കുന്നു.

സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള താഴെ പറയുന്ന തുകകൾ വിവിധ തനത് ഫണ്ട് അക്കൗണ്ടുകളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്നു. സംയുക്ത പദ്ധതികൾക്കായി ലഭ്യമായ ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളടക്കമുള്ള തുകകളുടെ തുടർ വിനിയോഗം/ തിരിച്ചടവ് വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2/11.07.23) മറുപടി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Code | Head | Amount | Account |
|---|---|---|---|---|
| 1 | 320100999 | Other Liabilities | 63600 | Co-op Urban Bank(204000004458) |
| 2 | 320700204 | JV Project – Block Panchayat Share | 530399 | LGTSB (A/c – 799013000000507) Sub Treasury, Ottapalam |
| 3 | 320700304 | Other Specific Purposes- Block Panchayat Share | 500000 | LGTSB (A/c – 799013000000507) Sub Treasury, Ottapalam |
| 4 | 320700205 | JV Project – Dist. Panchayat Share | 1016 | LGTSB (A/c – 799013000000507) Sub Treasury, Ottapalam |
| 5 | 320700405 | Other | 30000 | SBI, Pathiripala |

| | | | | |
|---|---|---|---|---|
| | | Specific Purposes-Dist. Panchayat Share | | (37344888503) |

ക്രമ നം- 1 പ്രകാരമുള്ള 63600/-രൂപ ഏതിനത്തിലുള്ള ബാദ്ധ്യതയാണെന്ന് വ്യക്തമല്ല.

ക്രമ നം-3 പ്രകാരമുള്ള 500000/-രൂപ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായും, ക്രമ നം-5 പ്രകാരമുള്ള 30000/-രൂപ കുടുംബശ്രീക്കും കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റു തുകകളുടെ തുടർ വിനിയോഗം/തിരിച്ചടവ് വിവരം ലഭ്യമല്ല. തുകകൾ വിനിയോഗിക്കാത്ത പക്ഷം ബന്ധപ്പെട്ട ഹെഡ്ഡുകളിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമായ തുകകളുടെ അക്കൗണ്ടിംഗിനുള്ള മാർഗ്ഗരേഖ ജി.ഒ(പി)നം.07/2017 /ഫിൻ/തീയതി 23.01.2017 പ്രകാരം പ്രൊജക്ട് നടപ്പാക്കുന്ന സ്ഥാപനം ഫെബ്രുവരി അവസാനത്തെ ആഴ്ചയിൽ പുരോഗതി വിലയിരുത്തി ചെലവഴിക്കുവാൻ സാധ്യതയില്ലെന്ന് കാണുന്ന തുക ഫെബ്രുവരി 28 നകം തുക നൽകിയ സ്ഥാപനത്തിന് തിരികെ നൽകേണ്ടതാണ്. മാർച്ച് 31 ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതും അക്കൗണ്ടിൽ സീറോ ബാലൻസ് ഉറപ്പാക്കേണ്ടതുമാണ്. ക്രമ നം - 2 പ്രകാരമുള്ള ബ്ലോക്ക് വിഹിതം ലൈഫ് ഭവന പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷം ലഭ്യമായിട്ടുള്ളതാണ്. ക്രമ നം - 4 പ്രകാരമുള്ള ജില്ലാ പഞ്ചായത്ത് വിഹിതം ഏത് പദ്ധതി പ്രകാരമുള്ള ബാലൻസാണെന്ന് വ്യക്തമല്ല. സംയുക്ത പദ്ധതികളുടെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

### 1-1-10 തൻവർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂളുകൾ 2021-22 സാമ്പത്തിക വർഷത്തെ ഷെഡ്യൂളുകളിൽ നിന്ന് വ്യത്യസ്തമല്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets- 362358/- എന്ന മൂല്യം 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ നിന്ന് വ്യത്യസ്തമല്ല. B-11(b)-Capital Work In Progress – മൂല്യം 0 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

### 1-1-11 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകതകൾ

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 16161652.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6553807.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-12 ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തുനികുതി ലെഡ്ജറിൽ വർഷാവസാനത്തിലാണ് ഡിമാന്റ് രേഖപ്പെടുത്തുന്നത്.

### 1-1-13 അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും തുല്യമല്ല

അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും തുല്യമായിരിക്കേണ്ടതാണ്. . എന്നാൽ വാർഷിക കണക്കിലെ ഷെഡ്യൂൾ RP-4 പ്രകാരം Fees & User Charges ആകെ 1219116/-രൂപയും, I-4 ഷെഡ്യൂൾ പ്രകാരം 1483216/-രൂപയും

ആണ്.

1-1-14 വാടക രജിസ്റ്ററിൽ കൃത്യമായി വരവ് രേഖപ്പെടുത്തുകയോ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഓഡിറ്റോറിയത്തിന്റെ വാടക ഇനത്തിൽ(ശീർഷകം-Rent From Auditoriums And Halls, കോഡ്-130300101) 4,43,700രൂപ വരവായി ലഭിച്ചിട്ടുണ്ട്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ ഇ.കെ നായനാർ സ്മാരക കമ്മ്യൂണിറ്റിഹാൾ വാടകയുടെ കൃത്യമായ വരവ് വാടക രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ വരവിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

1-2 ബജറ്റ്

പഞ്ചായത്ത് ഭരണ സമിതിയുടെ 8.03.2022തീയതിയിലെ യോഗ തീരുമാനം നം. 1/1 പ്രകാരം 2022-23വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 60351901 |
| തൻവർഷം വരവ് | 284433100 |
| ആകെ | 344785001 |
| ചെലവ് | 290589353 |
| നീക്കിയിരിപ്പ് | 54195648 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 04-02-23തീയതിയിലെ യോഗ തീരുമാനം നം.2 പ്രകാരം ബജറ്റ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രാരംഭ ബാക്കി | 70401690 |
| തൻവർഷം വരവ് | 324107892 |
| ആകെ | 394509582 |
| ചെലവ് | 335987981 |
| നീക്കിയിരിപ്പ് | 58521601 |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 62128110 |
| വരവ് | 70438733 |
| ആകെ | 132566843 |
| ചെലവ് | 54277081 |
| നീക്കിയിരിപ്പ് | 78289762 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 17443797 | 17443797 | 17255392 | 188405 |
| വികസനഫണ്ട് - എസ്.സി.പി | 0 | 12180437 | 12180437 | 11501853 | 678584 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 14220300 | 14220300 | 9918277 | 4302023 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 7178000 | 7178000 | 7049780 | 128220 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ബാങ്ക് | 4264811 | 6004000 | 10268811 | 4526238 | 5742573 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- ട്രഷറി | 0 | 456159 | 456159 | 90000 | 366159 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് -ഗ്രാന്റ്- ബാങ്ക് | 1083102 | 4243392 | 5326494 | 2707253 | 2619241 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഗ്രാന്റ്- ട്രഷറി | 0 | 635863 | 635863 | 528346 | 107517 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 106493 | 1515224 | 1621717 | 1077753 | 543964 |
| സമ്പൂർണ്ണ ശുചിത്വം | 728832 | 0 | 728832 | 177555 | 551277 |

തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. | 0 | 1100207 | 1100207 | 1100207 | 0 |

| | | | | | |
|---|---|---|---|---|---|
| എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | | |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 19518769 | 19518769 | 19518769 | 0 |
| ആകെ | 0 | 20618976 | 20618976 | 20618976 | 0 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 200000 | 0 | 200000 | 100000 | 100000 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| (Performance Based Incentive) | 1154516 | 0 | 1154516 | 1130823 | 23693 |
| Health Grant(infrastructure To PHCs) | 0 | 453975 | 453975 | 72530 | 381445 |
| Health Grant( Towards Conversion Of PHCs & Subcentres Into Health & Wellness Centres) | 0 | 291922 | 291922 | 96455 | 195467 |

ഗ്രാന്റ് വിനിയോഗം ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ, വാർഷിക കണക്ക് എന്നിവയെ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

വികസന ഫണ്ട് (ജനറൽ) - ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ജി.ഒ പ്രൊജക്ടുകളായ (ജനറൽ) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം എന്നിവയുടെ ആകെ തുക3832293 /- രൂപ വരവിലെടുക്കാതെ ചെലവിൽ മാത്രം ഉൾപ്പെടുത്തിയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരുപ്പ് നെഗറ്റീവ് ആണ്.

വികസന ഫണ്ട് (എസ്.സി.പി) - ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ജി.ഒ പ്രൊജക്ടുകളായ (എസ്.സി.പി) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ആകെ തുക 1295563/- രൂപ വരവിലെടുക്കാതെ ചെലവിൽ മാത്രം ഉൾപ്പെടുത്തിയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പ് നെഗറ്റീവ് ആണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കി | പദ്ധതി | ഭാഗികമായി | നടപ്പാക്കാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | യത് (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ത്തവ (എണ്ണം) | പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 164911731 | 162 | 74176716 | - | 33 | 83 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 83% ത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 45% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെയും ചെലവിന്റെയും വിവരം, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 12 | 9638144 | 7389403 | 77 |
| വെറ്ററിനറി സർജ്ജൻ | 7 | 7 | 1361400 | 1341000 | 99 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 6 | 2839270 | 2245247 | 79 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 2 | 2 | 1100000 | 1100000 | 100 |
| വി.ഇ.ഒ | 13 | 13 | 67568467 | 13258556 | 20 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 9 | 7555750 | 5225746 | 69 |
| സെക്രട്ടറി | 34 | 27 | 23634738 | 15177430 | 64 |
| അസി.സെക്രട്ടറി | 9 | 9 | 2458625 | 2093145 | 85 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 90 | 68 | 45220102 | 23255804 | 51 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 850000 | 575000 | 68 |
| ഹെഡ്മാസ്റ്റർ | 7 | 6 | 2185235 | 2015385 | 92 |
| ആകെ | 195 | 162 | 164911731 | 74176716 | 45 |

നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ നിർവ്വഹിച്ചിട്ടുള്ള ചെലവ് 20% മാത്രമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1100207 | 1100207 | 1100207 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 19518769 | 19518769 | 19518769 | 0 |
| ആകെ | 0 | 20618976 | 20618976 | 20618976 | 0 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 4443000 | 428 |
| 3 | വിധവാ പെൻഷൻ | 18443700 | 1801 |
| 4 | വാർദ്ധക്യകാല പെൻഷൻ | 27941800 | 2840 |
| 5 | വികലാംഗ പെൻഷൻ | 4415400 | 424 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1846800 | 171 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.7.2023 തീയതിയിൽ 3.30 PM സമയത്ത് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 133266 രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കാലാവധി 12.05.2023 പ്രാബല്യത്തിൽ 11.05.2026 വരെ പുതുക്കി ലഭ്യമായിട്ടുണ്ട്. പൗരാവകാശ രേഖ 2023ൽ പുതുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ്

സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

സദ്ഭരണത്തിന്റെ ഭാഗമായി ഇ-ഗവേണൻസ്, സ്ഥാപനത്തിലും, ഘടകസ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽക്കരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.പാലക്കാട് ജില്ലയിൽ ആദ്യ ഘട്ടത്തിൽ ILGMS സംവിധാനം നടപ്പാക്കിയ ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് ലെക്കിടിപേരൂർ. തൻവർഷം തനത് ഫണ്ട് രേഖകളെല്ലാം കൈകാര്യം ചെയ്തിട്ടുള്ളത് ILGMS ലൂടെയാണ്. അക്കൗണ്ടിംഗ്, ഫയൽഫ്ലോ, സിവിൽ രജിസ്ട്രേഷൻ എന്നിവയും ILGMS മുഖേനയാണ് .

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

പതിനാലാം പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് എല്ലാ മേഖലകളും ഉൾപ്പെടുത്തി അവസ്ഥാ രേഖ തയ്യാറാക്കിയിട്ടുണ്ട്. വിവിധ വർക്കിങ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങളടങ്ങിയ മിനട്സുകളും തയ്യാറാക്കിയിട്ടുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്.

പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. പർച്ചേസുകൾ നടത്തിയിട്ടുള്ളത് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനങ്ങൾ മുഖേനയാണ്.സ.ഉ(ആർ.ടി)നം. 166/17 /ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

ആസ്തികളുടെ അപ്ഡേഷൻ

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി പ്രകാരം എല്ലാ വർഡുകളിലുമുള്ള റോഡുകളുടെ സർവ്വെ പൂർത്തീകരിച്ചിട്ടുള്ളതും, 2021-22 വരെയുള്ള റോഡുകളുടെ വിവരങ്ങൾ കാലികമാക്കിയിട്ടുള്ളതുമാണ്. എന്നാൽ കെട്ടിടങ്ങളുടെ അപ്ഡേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാന കുടിശ്ശിക പിരിച്ചെടുക്കുന്നതിനും, തനത് ഫണ്ടിൽ നിന്നുള്ള പ്രധാന ആവർത്തന ചെലവായ തെരുവ് വിളക്ക് വൈദ്യുതി ചാർജ് ക്രമീകരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

23.02. 2022 തീയതി മുതൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1.04.2016മുതൽ 31.01.2022 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പെർഫോമൻസ് ഓഡിറ്റ് ആഗസ്റ്റ് 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

ഗുരുതരമായ ക്രമക്കേടുകളൊന്നും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## 1-11 രസീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. രസീതിയിൽ തീയതി എഴുതിയിട്ടില്ല.

2022-2023 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ ഉപയോഗിച്ച രസീതുകളിൽ തീയതി എഴുതിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | രസീതി നം. |
|---|---|
| 1 | 1281/31മുതൽ49വരെ,<br>51മുതൽ 100വരെ |

| | |
|---|---|
| 2 | 1282/1മുതൽ 69വരെ |
| 3 | 1283/53മുതൽ100വരെ |
| 4 | 1284/1 മുതൽ 88വരെ |

2. ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം -1 ആർട്ടിക്കിൾ 7(1) പ്രകാരം ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി രസീത് തയ്യാറാക്കേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ രസീതിന്റെ കൗണ്ടർ ഫോയിലിലും രേഖപ്പെടുത്തേണ്ടതാണ്.

കേരള ട്രഷറികോഡ് വോള്യം - 1 ആർട്ടിക്കിൾ 90(എ) പ്രകാരം രസീതുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് തുക അക്കത്തിലും അക്ഷരത്തിലും എഴുതേണ്ടതാണ്. അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് തുക ഒടുക്കിയിട്ടുള്ള വ്യക്തിക്ക് നൽകേണ്ടതുമാണ്.
വില്ലേജ് എക്സ്റ്റേഷൻ ഓഫീസർ ഉപയോഗിച്ച രസീത് ബുക്കിൽ 1280/1 മുതൽ 71 വരെയുള്ള രസീതുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയിട്ടില്ല. അതുകൊണ്ടുതന്നെ വ്യക്തികൾക്ക് നൽകിയ രസീതിയുടെ പകർപ്പിലുള്ള തുകയുടെ കൃത്യത ഉറപ്പിക്കുവാൻ സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് നൽകിയ എൻക്വയറിയ്ക്ക് (14/15.7.2023) ലഭ്യമാക്കിയ മറുപടി പ്രകാരം ടി ന്യൂനതകൾ പരിഹരിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് ബോധിപ്പിച്ചിരിക്കുന്നത്.

ഓഡിറ്റ് നിർദ്ദേശം

രസീതുകൾ ഉപയോഗിക്കുമ്പോൾ കേരള ഫിനാൻഷ്യൽ കോഡ്, കേരള ട്രഷറികോഡ്, കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും ആകെ 60 ദിവസത്തിൽ കുറയാതെ ആ പ്രദേശത്തോ അതിന് വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയാളുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-12-1 സ്ഥാപനമേധാവി സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണിൽ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10ൽ ഉപചട്ടം (1),(2) പ്രകാരം തൊഴിൽ നികുതി അടക്കുന്നതിന് ബാദ്ധ്യസ്ഥമോ ബാദ്ധ്യസ്ഥനോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനി/ആളോട് VI ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് പ്രകാരം റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ആയത് പൂർണ്ണവും ശരിയുമാണെന്ന് ബോദ്ധ്യം വരുന്ന പക്ഷം അങ്ങനെയുള്ള റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതുമാണ്. എന്നാൽ ഗ്ലോബൽ ഭാരത് ഗ്യാസ് ഏജൻസി എന്ന സ്ഥാപനത്തിന്റെ സ്ഥാപനമേധാവി സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണിൽ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കിയ തൊഴിൽ നികുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ ന | ജീവനക്കാരുടെ പേര് | തസ്തിക | ഈടാക്കിയ തൊഴിൽ നികുതി | രസീതി നം &തീയതി | ഈടാക്കിയ തൊഴിൽ നികുതി | രസീതി നം &തീയതി |
|---|---|---|---|---|---|---|

| നമ്പർ | | | (ഒന്നാം അർദ്ധ വർഷം) | | (രണ്ടാം അർദ്ധ വർഷം) | |
|---|---|---|---|---|---|---|
| 1 | മനോജ് | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 750 | 1220404251 Dtd 13.09.2022 | 750 | 1220407650 Dtd 25.02.2023 |
| 2 | സുജിത | | 450 | | 450 | |
| 3 | അനിത | | 450 | | 450 | |
| 4 | ജിയേഷ് | ഗോഡൗൺ കീപ്പർ | 450 | | 450 | |
| 5 | ശാന്തകുമാരൻ | ഡെലിവറി ബോയ് | 450 | | 450 | |
| 6 | സതീശൻ | | 450 | | 450 | |
| 7 | ശിവദാസൻ | | 450 | | 450 | |
| 8 | രവി | | 450 | | 450 | |
| 9 | മണികണ്ഠൻ | ഡ്രൈവർ | 450 | | 450 | |
| 10 | വിനോദ് | | 450 | | 450 | |
| 11 | ശ്രീമണികണ്ഠൻ | | 450 | | 450 | |
| 12 | പ്രദീപ് | | 450 | | 450 | |
| 13 | വിജയൻ | | 450 | | 450 | |
| 14 | പ്രതാപൻ | | 450 | | 450 | |
| 15 | ഗൗരി ശരത് | മാനേജർ | 1250 | 1220404252 Dtd 13.09.2022 | 1250 | 1220407651 Dtd 25.02.2023 |
| ആകെ | | | 7850 | | 7850 | |

സ്ഥാപനമേധാവി നൽകിയ റിട്ടേണുകളിൽ രേഖപ്പെടുത്തിയ തൊഴിൽ നികുതി ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്. അർദ്ധവാർഷിക വരുമാനം പരിശോധിക്കാതെ എപ്രകാരമാണ് മേൽ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(5/13.07.2023) ലഭ്യമാക്കിയ മറുപടിയിൽ തുടർന്ന് ഈ തെറ്റ് വരാതെ നോക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ഗ്ലോബൽ ഭാരത് ഗ്യാസ് ഏജൻസി എന്ന സ്ഥാപനത്തിൽ നിന്നും പുതിയ തൊഴിൽനികുതി റിട്ടേൺ വാങ്ങി മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്.

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16ൽ (1) പ്രകാരം സെക്രട്ടറിക്ക് തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതാണ്. ഒരു അർദ്ധവർഷത്തെ തൊഴിൽനികുതി നിർണ്ണയത്തിന് അർഹമായ കാലം കഴിഞ്ഞാലുടൻ സെക്രട്ടറി 10ാം നമ്പർ ഫോറത്തിൽ ഓഫീസ് തലവനോടോ തൊഴിലുടമയോടോ ജോലിയിലുള്ള ആളുകളുടെ ആകെയുള്ള ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച വിവരങ്ങൾ 15 ദിവസത്തിനുള്ളിൽ 11ാം നമ്പർ ഫോറത്തിൽ സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. തൊഴിൽനികുതി ഈടാക്കുമ്പോൾ അർദ്ധവാർഷിക വരുമാനത്തിന്റെ കൃത്യത, ആധികാരികത എന്നിവ ഉറപ്പുവരുത്തി മാത്രം തൊഴിൽനികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-12-2 റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/13/07.2023) ലഭ്യമാക്കിയ മറുപടിയിൽ റേഷൻകടകളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി അടവാക്കുന്നതിന് ഒറ്റപ്പാലം താലൂക്ക് സപ്ളൈ ഓഫീസർക്ക് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-13 വസ്തുനികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207 വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203 വകുപ്പ് പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി രേഖകൾ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-13-1 60 ചതുരശ്ര മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള പാർപ്പിടങ്ങൾക്ക് വസ്തുനികുതി ഈടാക്കിയിരിക്കുന്നു

16.12.2015 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ് )നം:358/2015 തസ്വഭവ പ്രകാരം 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹങ്ങളേയും 2015-2016 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതും ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിനു മാത്രമായി പരിമിതപ്പെടുത്തേണ്ടതുമാണ്. ഒരു പഞ്ചവർഷ അസസ്മെന്റ് കാലയളവിലേക്ക് ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് സെക്രട്ടറി ഉടമസ്ഥന്റെ സത്യവാങ്മൂലം കർശനമായും വാങ്ങി സൂക്ഷിക്കേണ്ടതാണ്. 2022-23 വർഷത്തെ ന്യൂ ബിൽഡിങ് രജിസ്റ്റർ, വസ്തുനികുതി നിർണ്ണയ (സഞ്ചയ) സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ 60 ചതുരശ്ര മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള പാർപ്പിടങ്ങൾക്ക് വസ്തുനികുതി ഈടാക്കിയതായി കാണുന്നു. ഇത്തരത്തിൽ വസ്തുനികുതി ഈടാക്കിയിട്ടുള്ള ചില കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കിയ വസ്തുനികുതി |
|---|---|---|---|---|
| 1 | 183 B | സൽമത്ത്.സി.പി | 27.85 | 155 |
| 2 | 202 B | മണികണ്ഠൻ | 25.24 | 141 |
| 3 | 425 A | പാഞ്ചാലി | 21.88 | 122 |
| 4 | 391 A | ആന്റണി | 26.87 | 120 |
| 5 | 302 A | കമ്മുക്കുട്ടി | 23.56 | 79 |
| 6 | 18 A | ഉണ്ണികൃഷ്ണൻ | 45.31 | 176 |
| 7 | 308 B | കൃഷ്ണൻകുട്ടി | 46.34 | 206 |
| 8 | 236 B | ആലീസ് വർഗ്ഗീസ് | 49.57 | 287 |
| 9 | 170 A | സന്തോഷ് കുമാർ | 21.28 | 83 |
| 10 | 475 B | വിജയലക്ഷ്മി | 13.6 | 76 |
| 11 | 461 A | ബിന്ദു.വി.എസ് | 25.41 | 170 |
| 12 | 368 A | ശ്രീലത.വി.കെ | 42.11 | 257 |
| 13 | 292 B | കൃഷ്ണകുമാർ.പി | 35.77 | 198 |
| 14 | 80 B | റീജ.എ.പി | 26.49 | 147 |
| 15 | 362 A | ഹരിനാരായണൻ | 35.34 | 216 |
| 16 | 52 A | പ്രവിത | 15.07 | 84 |

വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള മേൽ കെട്ടിടങ്ങളിന്മേൽ നികുതി ചുമത്തിയിട്ടുള്ളതിന്

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/19.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി ഇളവിന് അർഹതയുള്ളവരിൽ നിന്ന് സത്യവാങ്മൂലം വാങ്ങി സൂക്ഷിച്ച് നികുതി ഇളവ് അനുവദിക്കേണ്ടതും തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-13-2 അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്.

അനധികൃത കെട്ടിടനിർമ്മാണ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ 2 അനധികൃത കെട്ടിടങ്ങളാണ് സ്ഥിതിചെയ്യുന്നത്. 2022-23 സാമ്പത്തിക വർഷത്തിലാണ് ഈ കെട്ടിടങ്ങൾക്ക് UAനമ്പർ അനുവദിച്ചിട്ടുള്ളത്. കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം | ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട വാർഷിക വസ്തുനികുതി | വസ്തുനികുതികുടിശ്ശിക-(2022 1stമുതൽ) |
|---|---|---|---|---|
| 6/653/D | ഷംസുദ്ദീൻ, ,തോപ്പിൽകുന്നത്ത് വീട്, അകലൂർ | 43.74 | 10420 | 20343 |
| 6/653/E (വാണിജ്യാവശ്യം) | | 65.04 | 14716 | 28731 |
| ആകെ | | | | 49074 |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കാനാവാശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/20.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13-3 വസ്തുനികുതി കുടിശ്ശിക 6,54,828/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു

2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B-15) പ്രകാരം തൻവർഷം റസിഡൻഷ്യൽ കെട്ടിടങ്ങളുടെയും നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെയും വസ്തു നികുതി ഇനത്തിൽ 4,07,633/- രൂപയും മുൻ വർഷങ്ങളിലെ വസ്തു നികുതി ഇനത്തിൽ 2,47,195/- രൂപ കുടിശ്ശികയും ചേർത്ത് ആകെ 6,54,828/-രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/19.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 വസ്തുനികുതി പരിഷ്കരണം 2023- നിലവിലെ സ്ഥിതി

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 203, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ അഞ്ചു വർഷത്തിലൊരിക്കൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി അവസാനമായി നിശ്ചയിച്ചത് 01.04.2013 പ്രാബല്യത്തിലാണ്. എന്നാൽ സംസ്ഥാനം അഭിമുഖീകരിച്ച പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നികുതി

പുതുക്കി നിശ്ചയിക്കേണ്ടിയിരുന്ന 01.04.2018 ൽ പുതുക്കി നിശ്ചയിക്കൽ നടന്നിരുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളോടൊപ്പം സർക്കാർ ഏൽപ്പിക്കുന്ന മറ്റ് ചുമതലകളും നിർവ്വഹിക്കേണ്ടി വരുന്നുണ്ട്. പ്രസ്തുത ചുമതലകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാകേണ്ടത് അനിവാര്യമാണ്. ആറാം സംസ്ഥാന ധനകാര്യ കമ്മിഷൻ അതിന്റെ രണ്ടാം റിപ്പോർട്ടിൽ വസ്തു നികുതി പരിഷ്കരണം നടത്തുന്നതിന് ശുപാർശ നൽകിയിട്ടുമുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 203, പ്രകാരം 25 ശതമാനം വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും നിലവിലെ സാഹചര്യത്തിൽ സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ച് പ്രസ്തുത വ്യവസ്ഥയിൽ ഇളവു വരുത്തി വർഷം തോറും 5% (അഞ്ചു ശതമാനം) എന്ന തോതിൽ 01.04.2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും 2023-24 മുതലുള്ള വസ്തുനികുതിനിർണ്ണയ നടപടികളും വസ്തുനികുതി നിർണ്ണയത്തിനു ശേഷം തറവിസ്തീർണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികളും വസ്തുനികുതിയിൽ നൽകാവുന്ന ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

01.04.2023 തീയതി മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന്റെ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) നടപടിക്രമങ്ങളുടെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച പരിശോധന വിവരങ്ങളാണ് പ്രത്യേക ഖണ്ഡികയായി ചുവടെ ചേർത്തിട്ടുള്ളത്. വസ്തുനികുതി നിർണ്ണയ(സഞ്ചയ) സോഫ്റ്റ്‌വെയർ പ്രകാരം ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളിലായി 14,573 കെട്ടിടങ്ങളാണ് നിലവിലുള്ളത്.

വസ്തു നികുതി പരിഷ്കരണ നിരക്കുകളും മേഖലകളും റോഡിന്റെ തരംതിരിവും പുതുക്കൽ

01.04.2023 മുതലുള്ള വസ്തു നികുതി പരിഷ്കരണത്തിനായി ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ശുപാർശയോടെ ഗ്രാമപഞ്ചായത്ത് ഭരണസമിതി 18.04.2023 ലെ 4(3) നമ്പർ തീരുമാനപ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അംഗീകരിക്കുകയും ആയത് പ്രകാരം 01.06.2023 ന് പ്രസ്തുതനിരക്കുകളും മേഖലകളും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ പ്രദേശത്തെ നടപ്പാതകളെയും കരട് വിജ്ഞാപനം ചെയ്തിരുന്നു. പ്രസ്തുത കരട് വിജ്ഞാപനത്തിന് പൊതുജനങ്ങളിൽ നിന്നും പരാതികളും ആക്ഷേപങ്ങളും 01.07.2023 ന് വൈകുന്നേരം 5 മണിവരെ ലഭ്യമാവാത്തതിനെ തുടർന്ന് പ്രസ്തുത നിരക്കുകളും, മേഖലകളും വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിൽ പ്രദേശത്തെ നടപ്പാതകളെയും ഗ്രാമപഞ്ചായത്ത് ഭരണസമിതി 06.07.2023 ലെ 11) നമ്പർ തീരുമാനപ്രകാരം അന്തിമമായി വിജ്ഞാപനം ചെയ്യുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 14.07.2023 ന് അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട് .

ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ മേഖലകളുടെ അന്തിമമേഖല തരംതിരിവ് പട്ടിക

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളായി തരംതിരിക്കേണ്ടതും അതത് മേഖലകളുടെ അതിർത്തികൾ താൽകാലികമായി നിശ്ചയിക്കേണ്ടതും മേഖലകൾ നോട്ടീസ് മൂലം പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ഒരിക്കൽ അന്തിമമായി നിശ്ചയിച്ച മേഖലാ തരംതിരിവിന് കുറഞ്ഞത് വസ്തു നികുതി നിർണ്ണയം പ്രാബല്യത്തിലിരിക്കുന്ന അഞ്ചു വർഷകാലയളവ് വരെയും തുടർന്ന് പഞ്ചായത്ത് വീണ്ടും ഒരു മേഖല നിർണ്ണയം നടത്താത്ത പക്ഷം തുടർന്നുള്ള കാലയളവിലേക്കും പ്രാബല്യമുണ്ടായിരിക്കുന്നതാണ്. 2023-24 വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട മേഖലകളുടെ അന്തിമമേഖല തരം തിരിവ് പട്ടിക തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം 16/15.07.2023).

വസ്തുനികുതി പരിഷ്കരണത്തിന് സഞ്ചയ സോഫ്റ്റ് വെയറിലെ ക്രമീകരണം

01.04.2023 മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന് നാളിതുവരെയായും സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരണം വന്നിട്ടില്ല. നിലവിൽ കെട്ടിട നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് മുൻനിശ്ചയിച്ച പ്രകാരമുള്ള (2013ലെ) അടിസ്ഥാന വസ്തു നികുതി നിരക്കുകളാണ് ഈടാക്കി വരുന്നത്. സഞ്ചയ സോഫ്റ്റ്വെയറിൽ ക്രമീകരണം ചെയ്ത് നൽകുന്ന മുറയ്ക്ക് നിലവിൽ 2023-24 മുതൽ കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നികുതി പുതുക്കി നിശ്ചയിക്കുന്നതാണ് എന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള(16/15.07.2023) മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം

വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ(സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ, എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി അതത് തദ്ദേശസ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി കെട്ടിട നമ്പറിന് പരമാവധി 30 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്. ഓരോ കെട്ടിടവും പരിശോധന നടത്തുന്നതിനൊപ്പം അതിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിലേക്ക് പരിശോധന നടത്തുന്നവർ തന്നെ ഡാറ്റാ എൻട്രി ചെയ്യേണ്ടതാണ്.

ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി താൽക്കാലികമായി ജീവനക്കാരെ നിയമിക്കുന്നതിന് 13.06.2023 ന് അപേക്ഷ ക്ഷണിച്ചിരുന്നു. ലഭിച്ച അപേക്ഷകളിൽ 13.07.2023ന് ഇന്റർവ്യൂ നടത്തുകയും യോഗ്യതയുള്ള 11 പേരെ നിയമിക്കുന്നതിന് ഇന്റർവ്യൂ ബോർഡ് ഭരണസമിതിയോട് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ജീവനക്കാരെ നിയമിക്കുന്നതിന് 20.07.2023ന് ഭരണസമിതിയോഗത്തിൽ അജണ്ടയും ഉൾപ്പെടുത്തിയിട്ടുണ്ട്. വിവരശേഖരണം ആരംഭിച്ചിട്ടില്ല.

കെട്ടിടങ്ങളുടെ ശരിയായ വിവരം സോഫ്റ്റ്വെയറിൽ ചേർക്കൽ

നിലവിലുള്ള കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ നടത്തുക, മാറ്റം വരുത്തുക, സോഫ്റ്റ്വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക തുടങ്ങിയ കാരണങ്ങളാൽ നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും യഥാർത്ഥ അവസ്ഥയെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ, ഉപയോഗക്രമത്തിലോ, ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ, ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ ഏതൊരു മാറ്റവും മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതുണ്ട്. ഈ ബാദ്ധ്യത, കെട്ടിട ഉടമ നിറവേറ്റാത്തപക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ ആയിരം രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ്, ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്.

മേൽപ്പറഞ്ഞ വിവരങ്ങൾ നാളിതുവരെ രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഇക്കാര്യം അറിയിക്കുന്നതിന് ഉത്തരവ് അവസരം നൽകിയിട്ടുണ്ട്. 2023 മേയ് 15-നകം ഇപ്രകാരം വിവരങ്ങൾ അറിയിക്കുന്ന കെട്ടിട ഉടമകളെ ചട്ടം 17, 24 എന്നിവ പ്രകാരമുള്ള പിഴ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതിനായി സോഫ്റ്റ്വെയറിൽ ലഭ്യമാകുന്ന 9ബി ഫോറം ഉപയോഗിക്കാവുന്നതാണ്. ഈ വിവരം സിറ്റിസൺ പോർട്ടൽ വഴി ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ 30.06.2023-ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ്.

വസ്തുനികുതി നിർണ്ണയ(സഞ്ചയ) സോഫ്റ്റ്‌വെയർ പ്രകാരം ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളിലായി 14,573 കെട്ടിടങ്ങളാണ് നിലവിലുള്ളത്. ഇതിൽ 177 കെട്ടിടങ്ങളുടെ 9ബി ഫോറങ്ങളാണ് കെട്ടിട ഉടമകൾ സ്വമേധയാ ലഭ്യമാക്കിയിട്ടുള്ളത്. ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് 20.07.2023തീയതിയിലെ ഭരണസമിതിയോഗത്തിലാണ് അജണ്ട ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ വിവരശേഖരണം ആരംഭിച്ചിട്ടില്ല. കെട്ടിടങ്ങളുടെ വിവരശേഖരണം അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ഏതു വിധത്തിലും ലഭ്യമാക്കിയ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കുന്ന മുറയ്ക്ക് 10 ശതമാനത്തിൽ കുറയാത്ത എണ്ണം, കെട്ടിടങ്ങളുടെ വിവരം, അതാത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ നേരിട്ട് പരിശോധന നടത്തി അവരുടെ ലോഗിനിലൂടെ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതാണ്.

ഒരാൾ വിവരശേഖരണം നടത്തിയ കെട്ടിടങ്ങളുടെ ഉദ്യോഗസ്ഥതല പരിശോധനയിൽ 25 ശതമാനത്തിലധികം കെട്ടിടങ്ങളുടെ വിവരത്തിൽ വ്യത്യാസം കണ്ടെത്തുന്ന പക്ഷം അയാളുടെ നഷ്ടോത്തരവാദിത്തത്തിൽ ചുമതലപ്പെട്ട എല്ലാ കെട്ടിടങ്ങളുടെയും വിവരശേഖരണം വീണ്ടും നടത്തേണ്ടതാണ്. വിവര ശേഖരണത്തിന്റെ പുനഃപരിശോധനയിൽ കണ്ടെത്തുന്ന 5 ശതമാനം വരെയുള്ള വ്യത്യാസം അവഗണിക്കാവുന്നതും പരിശോധന വിവരം അന്തിമമാക്കുന്നതിന് പുനഃപരിശോധനയിലെ വിവരം പരിഗണിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) പാലിച്ചുകൊണ്ട് വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-15 ലൈസൻസ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-15-1 ചട്ടപ്രകാരം ഈടാക്കാവുന്ന പരമാവധിയിലും അധികം ലൈസൻസ് ഫീസ് ഈടാക്കി

31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ ഉത്തരവ് പ്രകാരമുള്ള കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പട്ടിക II പ്രകാരം ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് 15,000/-രൂപയാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള സ്ഥാപനത്തിൽ നിന്ന് 20,000രൂപ ഫീസ് ഈടാക്കിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ലൈസൻസ് നമ്പർ & തീയതി | ലൈസൻസിയുടെ പേര്, സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം (PCB സാക്ഷ്യ പത്രം പ്രകാരം) | ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 4/2022-23 /A-6/1160/22 | ബിനിൽ.കെ.ജോൺ, സൂപ്പർസാന്റ്സ് & അഗ്രിഗേറ്റ്സ്. (സ്റ്റോൺ ക്രഷർ | 865 ലക്ഷം | 15,000 | 20,000 |

| | | | | |
|---|---|---|---|---|
| | യൂണിറ്റ്) | | | |

ചട്ടപ്രകാരമല്ലാതെ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/15.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരം മാത്രം ലൈസൻസ് ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-15-2 ILGMS (ഇന്റഗ്രേറ്റഡ് ലോക്കൽ സെൽഫ് ഗവൺമെന്റ് മാനേജ്മെന്റ് സിസ്റ്റം) മുഖേന സമർപ്പിച്ചിട്ടുള്ള ലൈസൻസ് അപേക്ഷകളിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല

2022-23 വർഷത്തിലെ ILGMS മുഖേന സമർപ്പിച്ചിട്ടുള്ള ലൈസൻസ് അപേക്ഷകൾ (പുതിയത്) പരിശോധിച്ചതിൽ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ & തീയതി | ലൈസൻസിയുടെ പേര്, സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | 329/2022-23 /A-6/898/2023 | ഹഫ്സ്,ഗോൾഡൻ ബേക്സ് | 500 |
| 2 | 227/2022-23 /A-6/4596/2022 | റിയാസ്.കെ.ആർ, രാജാ ഫർണ്ണീച്ചർ | 1000 |

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ(പി)നം.80/2017/തസ്വഭവ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടങ്ങളിലെ പട്ടിക II ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ചട്ടങ്ങളിലെ പട്ടിക II പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് നിരക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | പരമാവധി ലൈസൻസ് ഫീസ് |
|---|---|
| മൈക്രോ എന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചുലക്ഷം രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽ കവിയാത്തതും | 500/- |
| മിനിഎന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയുന്നതും ഒരു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽ കവിയുന്നതും അൻപത് ലക്ഷം രൂപയിൽ കവിയാത്തതും | 1000/- |
| സ്മാൾ എന്റർപ്രൈസസ്- മൂലധന നിക്ഷേപം | 5000/- |

| | |
|---|---|
| ഉൽപാദന മേഖലയിൽ ഒരു കോടി രൂപയിൽകവിയുന്നതും അഞ്ചു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ അൻപത് ലക്ഷം രൂപയിൽ കവിയുന്നതും രണ്ടു കോടി രൂപയിൽ കവിയാത്തതും | |
| മീഡിയം എന്റർപ്രൈസസ്-മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ അഞ്ചു കോടി രൂപയിൽ കവിയുന്നതും പത്തു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ രണ്ടു കോടി രൂപയിൽ കവിയുന്നതും അഞ്ചു കോടി രൂപയിൽ കവിയാത്തതും | 10000/- |
| ലാർജ് എന്റർപ്രൈസസ്-മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ പത്തു കോടി രൂപയിൽ കവിയുന്നതുംസേവന മേഖലയിൽ അഞ്ചു കോടിരൂപയിൽ കവിയുന്നതും | 15000/- |

മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/15.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസിനുള്ള അപേക്ഷ സ്വീകരിക്കുമ്പോൾ മേഖല, മൂലധന നിക്ഷേപം എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽ പട്ടിക പ്രകാരം ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-15-3 ലൈസൻസ് ലഭിക്കുന്നയാൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ഏതൊരു ലൈസൻസുകാരനും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്.

(I) ലൈസൻസുകാരൻ ഏതൊരു പ്രവർത്തി ദിവസത്തിന്റെയും ഒടുവിൽ സ്ഥലം വൃത്തിയാക്കേണ്ടതാണ്.

(Ii) സ്ഥലത്തിന്റെയോ പുരയിടത്തിന്റെയോ, ഏതെങ്കിലും ഭാഗത്ത് വീഴുകയോ നിക്ഷേപിക്കപ്പെടുകയോ ചെയ്യുന്ന ചപ്പുചവറോ, മൃഗങ്ങളുടെ അവശിഷ്ടങ്ങളോ മറ്റ് പദാർത്ഥമോ ശേഖരിച്ച് സെക്രട്ടറിക്ക് തൃപ്തികരമായ രീതിയിൽ നീക്കം ചെയ്യിക്കേണ്ടതാണ്.

(Iii) ലൈസൻസുകാരൻ ഏതൊരു കെട്ടിടത്തിന്റെയും ചുമരുകളുടെ അകവശത്തിന്റെ എല്ലാ ഭാഗവും മേൽപറഞ്ഞ പുരയിടത്തിലുള്ള തറയും നടപ്പാതയും അവിടെ തെറിച്ചു വീഴാനിടയുള്ള ഏതെങ്കിലും ദ്രാവകമോ, മാലിന്യമോ ചപ്പുചവറോ, അസഹ്യമോ, ഉപദ്രവകരമായ ഏതെങ്കിലും പദാർത്ഥമോ അവിടെ ലയിക്കുന്നത് തടയത്തക്കവിധം എപ്പോഴും നന്നായും കേടുപാട് തീർത്തും വയ്ക്കേണ്ടതാണ്.

(Iv) ലൈസൻസുകാരൻ, മേൽപറഞ്ഞ പുരയിടത്തിലോ, അതിനോട് ചേർന്നതോ ആയ ഓവുചാലും അഴുക്ക ജലം കളയുന്നതിനുള്ള ഉപകരണവും എപ്പോഴും നന്നായും കേടുപാടു തീർത്തും വയ്ക്കേണ്ടതാണ്.

(V) ഏതെങ്കിലും തരത്തിലുള്ള ത്വക്ക് രോഗമോ കുഷ്ഠ രോഗമോ വ്രണമോ ഉള്ള ഏതൊരാളും കച്ചവടം നടത്തുന്നതിന് ഉപയോഗിക്കുന്ന സ്ഥലത്ത് പ്രവർത്തിക്കുവാൻ പാടില്ല.

(Vi) ഏത് സ്ഥലത്തിന്റെ കാര്യത്തിൽ ലൈസൻസ് നൽകിയിരിക്കുന്നുവോ ആ സ്ഥലത്ത് എല്ലാവരും കാണത്തക്കവിധത്തിലുള്ള ഒരു ഭാഗത്ത് ലൈസൻസുകാരൻ തന്റെ പേരും, ലൈസൻസിന്റെ നമ്പരും,

ഉദ്ദേശവും കാണിക്കുന്ന ഒരു അടയാളപ്പലക വച്ചിരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് എന്ത് നിയന്ത്രണ സംവിധാനമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കേണ്ടതാണ്.

1-16 ഓഡിറ്റോറിയത്തിന്റെ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റോറിയം പ്രവർത്തിക്കുന്നുണ്ട്. ഇ.കെ നായനാർ സ്മാരക കമ്മ്യൂണിറ്റി ഹാൾ എന്ന് നാമകരണം ചെയ്തിട്ടുള്ള ഈ ഓഡിറ്റോറിയം വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-16-1 വാടക-ബൈലോ ഹാജരാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ഇ.കെ നായനാർ സ്മാരക കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നല്കുന്നതിനുള്ള കരട് ബൈലോ അംഗീകാരത്തിനായി 29.12.2018ന് ബഹു.പഞ്ചായത്ത് ഡയറക്ടർക്ക് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം) സമർപ്പിച്ചിട്ടുള്ളത് അനുബന്ധരേഖകളുടെ അഭാവം മൂലം 29.01.2019 ന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തിരിച്ചയച്ചിട്ടുള്ളതാണ്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. സ്വീകരിച്ച തുടർനടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി (15/15.07.2023) ലഭ്യമാക്കിയിട്ടില്ല. കരട് ബൈലോയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

1-16-2 വാടക വരവ് കാലാനുസൃതമായ വർദ്ധനവ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്തിന്റെ 14.09.2017 തീയതിയിലെ 9(2) ാം നമ്പർ തീരുമാനപ്രകാരം ഇ.കെ.നായനാർ സ്മാരക കമ്മ്യൂണിറ്റി ഹാളിന് ചുവടെ ചേർത്തിട്ടുള്ള നിരക്കുകളിലാണ് വാടക ഈടാക്കാൻ അംഗീകാരം നൽകിയിട്ടുള്ളത്.

| മണിക്കൂർ | വാടക | ക്ളീനിങ് ചാർജ് | സി.ജി. എസ്.ടി | എസ്.ജി. എസ്.ടി | ആകെ | കോഷൻ ഡെപ്പോസിറ്റ് |
|---|---|---|---|---|---|---|
| 24 | 7500 | 3000 | 945 | 945 | 12390 | 2500 |
| 12 | 5000 | 3000 | 720 | 720 | 9440 | 2500 |
| 6 | 3500 | 1500 | 450 | 450 | 5900 | 1500 |
| 3 | 800 | 0 | 72 | 72 | 944 | 500 |

2017 മുതൽ ഈടാക്കുന്ന വാടകയ്ക്ക് കാലാനുസൃതമായ വർദ്ധനവ് വരുത്തിയിട്ടില്ല. ആറ് വർഷത്തോളമായി പഴയനിരക്കിലാണ് വാടക ഈടാക്കി വരുന്നത്. പൊതുജനങ്ങൾക്ക് അമിതഭാരം ഉണ്ടാവാത്ത വിധത്തിൽ വാടകയിൽ വർദ്ധനവ് വരുത്തുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

1-17 ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനസ്രോതസ്സുകൾ പൂർണ്ണമായി കണ്ടെത്തുകയും പുതിയവ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ തനത് വരുമാനഫണ്ട് വിപുലീകരിക്കാവുന്നതാണ്. ഇതിന് അവലംബിക്കാവുന്ന മാർഗ്ഗങ്ങളാണ് തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നത്.

1-17-1 വരുമാനവർദ്ധനവ് വരുത്തുന്നതിന് സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതി നിരക്കുകൾ താഴെ പട്ടികപ്പെടുത്തുന്നു.

| | | |
|---|---|---|
| (എ) | ശുചിത്വ പരിപാലനം (അതത് പ്രദേശത്തെ കെട്ടിടത്തിന്റെ പൊതുവായ ശുചിത്വ പരിപാലനത്തിനും ചപ്പ് ചവറുകൾ, പക്ഷിമൃഗാദികളുടെ ജീർണ്ണ അവശിഷ്ടം, വിസർജ്യ വസ്തുക്കൾ തുടങ്ങിയ ഖരമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 4% |
| (ബി) | ജലവിതരണം (തെരുവുടാപ്പുകൾ ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനങ്ങളുടെ ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 3% |
| (സി) | തെരുവുവിളക്കുകൾ (സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 2% |
| (ഡി) | ഡ്രയിനേജ് (അഴുക്കു ചാൽ സംവിധാനം ഉൾപ്പെടെയുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 1% |

ഗ്രാമപഞ്ചായത്തിന് , ഏതെങ്കിലും പ്രദേശത്ത് ഏർപ്പെടുത്തിയ 1ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ഒരു സേവനം ആ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു കെട്ടിടത്തിന് ലഭ്യമാക്കിയിട്ടില്ല എന്ന കാരണത്താൽ ആ കെട്ടിടത്തെ അതത് സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ വരുമാന വർദ്ധനവ് വരുത്തുന്നതിന് വസ്തുനികുതിയോടൊപ്പം ചട്ടപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/19.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-17-2 പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 ഉപചട്ടം (1) ൽ പരാമർശിച്ചിട്ടുള്ളതും ഗ്രാമപഞ്ചായത്ത് പൊതുവായി ഏർപ്പെടുത്തിയിട്ടുള്ളതുമായ സേവനങ്ങൾക്ക് ഉപരിയായി ഏതെങ്കിലും കെട്ടിടത്തിന് വേണ്ടി അപ്രകാരമുള്ള ഒരു സേവനം

പ്രത്യേകമായും വിപുലമായും ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള പക്ഷം, അതിന്റെ ചെലവിന് ആനുപാതികമായി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടത്തിന്റെ ഉടമസ്ഥനിൽനിന്ന് ഫീസ് ഈടാക്കാവുന്നതാണ്. അത് ചട്ടം26(1) പ്രകാരം ചുമത്തപ്പെടുന്ന സേവന ഉപനികുതിയിൽ ഉൾപ്പെടുന്നതല്ലാത്തതിനാൽ ഫീസ് ഈടാക്കാനുള്ള സാദ്ധ്യതയും പരിശോധിച്ച് അറിയിക്കേണ്ടതാണ്.

## 1-17-3 കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുച്ഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി 2ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിലും സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

2022-23 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ സതേൺ റെയിൽവേയിൽ ജോലിചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നു. ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽ സർവ്വീസ് ചാർജ് ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-18 തെരുവു വിളക്കുകളുടെ പരിപാലനം - തനത് ഫണ്ടിൽ നിന്നും ഒടുക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ അനുബന്ധം III അനുസരിച്ചുള്ള പട്ടികയിലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്.
ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും

ലെക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിൽ തെരുവു വിളക്കുകളുടെ ഭൗതിക പരിശോധന നടത്തി വാർഡ് തിരിച്ചും ലാമ്പുകളുടെ ഇനം തിരിച്ചുമുള്ള കണക്ക് രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചാണ് വൈദ്യുതി ചാർജ് ഒടുക്കിവരുന്നത്. KSEBയിൽ ഒരു വർഷത്തെ വൈദ്യുതി ചാർജ് അടവാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| തീയതി | വൗച്ചർ നമ്പർ | തുക |
|---|---|---|
| 13-04-202 | 22200051 | 132,480/- |
| 22-04-2022 | 22200066 | 7,584/- |
| 28-05-2022 | 22200121 | 129,539/- |
| 28-05-2022 | 22200122 | 9,220/- |
| 14-06-2022 | 22200180 | 10,364/- |
| 17-06-202 | 22200176 | 132,579/- |
| 14-07-2022 | 22200259 | 1,32,918/- |

| | | |
|---|---|---|
| 16-07-2022 | 22200268 | 9,540/- |
| 08-08-2022 | 22200336 | 140,379/- |
| 16-08-2022 | 22200374 | 9,642/- |
| 19-09-2022 | 22200459 | 138,215/- |
| 27-09-2022 | 22200470 | 12,719/- |
| 15-10-2022 | 22200515 | 1,39,150/- |
| 14-10-2022 | 22200514 | 11,695/- |
| 16-11-2022 | 22200591 | 10,518/- |
| 16-11-2022 | 22200582 | 1,38,256/- |
| 07-12-2022 | 22200639 | 14,431/- |
| 15-12-2022 | 22200650 | 1,40,360/- |
| 17-01-2023 | 22200747 | 12,450/- |
| 17-01-2023 | 22200738 | 1,41,823/- |
| 13-02-2023 | 22200855 | 1,40,219/- |
| 13-02-2023 | 22200856 | 13,019/- |
| 10-03-2023 | 22200935 | 1,41,836/- |
| 13-03-2023 | 22200949 | 11,983/- |
| | ആകെ | 17,80,919/- |

എൽ.ഇ.ഡി ലാമ്പുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളതെങ്കിലും വൈദ്യുതി ബോർഡിന്റെ ഡിമാന്റ് നോട്ടീസിൽ ഏതൊക്കെ ലാമ്പുകളുണ്ടെന്ന് കാണിക്കുന്നില്ല. കാലഹരണപ്പെട്ട സാധാരണ ലാമ്പുകളും സോഡിയം വേപ്പർ ലാമ്പുകളും വൈദ്യുതി ബോർഡിന്റെ കണക്കിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നതിന് കെ എസ് ഇ ബിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല.

ബി) പുതിയ തെരുവു വിളക്കുകൾക്ക് മീറ്റർ ഏർപ്പെടുത്തിയില്ല

ഉപയോഗിക്കുന്ന ഊർജ്ജത്തിന് ആനുപാതികമായി മാത്രമേ വൈദ്യുതി ചാർജ് നൽകുന്നുള്ളൂ എന്ന് ഉറപ്പാക്കുന്നതിനായി തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കണമെന്ന സർക്കുലർ നം. 43742/DC3 /2010/ത.സ്വ.ഭ.വ തിയതി 07-07-2010 ലെ സർക്കാർ നിർദ്ദേശം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടുണ്ട്. എന്നാൽ വിവിധ വാർഡുകളിൽ പുതുതായി ലൈൻ വലിച്ചും ലൈറ്റ് സ്ഥാപിച്ചുമായ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പാടാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ( ഓഡിറ്റ് എൻക്വയറി- 4/11-07-2023) മറുപടിയിൽ കെ എസ് ഇ ബിയുമായി സംയുക്ത പരിശോധന നടത്തുന്നതിനു 16-11-2022, 02-02-2023 നം കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ വാർഡ് തിരിച്ചുള്ള കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ ഉചിതമായ മാറ്റം വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. പുതിയ തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 കെ എസ് ഇ ബി മുഖേന ഡെപ്പോസിറ്റ് പ്രവൃത്തി -ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ എന്നിവ ഹാജരാക്കേണ്ടതാണ്

സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടുകൾക്ക് മുൻകൂറായി തുകകൾ നിക്ഷേപിച്ചിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | സാങ്ഷൻ ഓർഡർ നം. തീയതി, തുക | ഡെപ്പോസിറ്റ് തുക |
|---|---|---|---|
| കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ, ലെക്കിടി -പേരൂർ | എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 124,29-12-2022, തുക -1558204<br>232-08-02-2023, തുക 44880<br>ആകെ 1603084- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, | -1603084 |
| കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ, ലെക്കിടി -പേരൂർ | വിവിധ വാർഡുകളിൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 121/29-12-22- തുക-22411<br>148/07-01-23<br>തുക-354<br>201/01-02-23<br>തുക-286112<br>457/29-03-23<br>തുക-84846<br>ആകെ<br>393723- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, | തുക 393723- |

മേൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ എന്നിവയുടെ പകർപ്പ് നിർവ്വഹണ ഏജൻസിയിൽ നിന്ന് ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-20 ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്പ് -തുടർ മോണിറ്ററിംഗ് നടത്തേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് | 279/22 |
| പേര് | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്പ് |
| അടങ്കൽ | 204900 |

| | |
|---|---|
| ചെലവ് | 147700 |
| നിർവ്വഹണം | സെക്രട്ടറി |
| ഫണ്ടിനം | തനത് ഫണ്ട് |
| വൗച്ചർ നമ്പർ | 22200962/17-03-2023 |

മാലിന്യ സംസ്കരണ മേഖലയിൽ ഓരോ പ്രവർത്തനവും അതത് സമയങ്ങളിൽ ഡിജിറ്റൽ സംവിധാനത്തിലൂടെ സംസ്ഥാന തലം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപന വാർഡുതലം വരെ വിലയിരുത്തുന്നതിനായി കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ ഹരിതകേരള മിഷൻ, ശുചിത്വ മിഷൻ കില എന്നിവരുടെ സഹകരണത്തോടെ വികസിപ്പിച്ചെടുത്ത ആപ്ലിക്കേഷനാണ് "ഹരിതമിത്രം. സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്പ് " . വീടുകൾ മറ്റു പൊതു സ്ഥലങ്ങൾ, ഓഫീസുകൾ , സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന്റെ വിവരങ്ങൾ, ഹരിതകർമ്മസേനയുടെ യൂസർഫീ ശേഖരണം, പാഴ് വസ്തു ശേഖരണം, യൂസർഫീ നൽകാത്ത സ്ഥാപനങ്ങൾ, വീടുകൾ തുടങ്ങിയ വിവരങ്ങൾ ഈ ആപ്പ് വരുന്നതോടുകൂടി കൃത്യമായി അറിയുവാൻ സാധിക്കും.

ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവ്വീസ് ചാർജ്ജ് ഇനത്തിൽ 135700- രൂപയും QR കോഡ് പതിപ്പിക്കുവാൻ 12000രൂപയും കൂടി ആകെ 147700/-രൂപ കെൽട്രാൺ മുഖേന പദ്ധതി നടപ്പിലാക്കുന്നതിന് 14-03-2023ന് A/c No-330100210001 6241 കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കെൽട്രോണിന്റെ റിസോഴ്സ് പേഴ്സണിന്റെ സേവനത്തിനായി ആറു മാസത്തേക്കാണ് കരാർ വെച്ചിരിക്കുന്നത്. ഹരിത കർമ്മസേനക്കാർക്ക് ഓറിയന്റേഷൻ പരിശീലനത്തിനും ശേഷി വർദ്ധിപ്പിക്കുന്നതിനും പിന്തുണ നൽകുന്നതു വഴി സേനയുടെ സുഗമമായ പ്രവർത്തനം ലക്ഷ്യമിടുന്നു. ഹരിത മിത്രം ആപ്പിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി ആപ്പ് വഴി സേവനങ്ങൾ നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ കെട്ടിടങ്ങൾ | 9145 |
| എൻറോൾമെന്റ് പൂർത്തീകരിച്ചത് | 779 |
| സബ്ക്രിപ്ഷൻ പൂർത്തീകരിച്ചത് | 4152 |
| സേവനങ്ങൾ നൽകിയത് | 642 |
| ആപ്പ് മുഖേന പണമിടപാട് നടത്തിയത് | 2200 |
| QR Code പതിപ്പിച്ചവയുടെ എണ്ണം | 7239 |

പൂർത്തീകരിക്കാൻ ബാക്കിയുള്ള സേവനങ്ങൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രവർത്തനങ്ങളുടെ തുടർ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടതാണ്.

1-21 വയോജനങ്ങൾക്ക് കട്ടിൽ- അർഹതയില്ലാത്ത വ്യക്തികൾക്ക് ആനുകൂല്യം അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് നം- 71/23 | പട്ടിക ജാതി വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ | 430650 |
| ചെലവ് | 186990 |
| നിർവ്വഹണം - അസി സെക്രട്ടറി | Sanction Order No-369, തീയതി 17-03-2023 |

വയോജനങ്ങൾക്ക് കട്ടിൽ അനുവദിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 60 വയസ്സ് പൂർത്തിയായിട്ടില്ല. ആധാർപ്രകാരമുള്ള ജനന വർഷം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ആധാർ നമ്പർ | ജനന വർഷം | വയസ്സ് (As On 21-22) |
|---|---|---|---|
| തത്ത, വാർഡ്-5 | 655325761492 | 1967 | 57 |
| യശോദ, വാർഡ്-19 | 769936872774 | 1969 | 54 |

28-05-2022തീയ്യതിയിലെ സ. ഉ. ( കൈ) നം-115/2022/ ത സ്വഭവ പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം ഖണ്ഡിക 7.1.14 (2) ൽ 60 വയസ്സ് പൂർത്തിയായവരെയാണ് വയോജനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആധാർ കാർഡ് പരിശോധിച്ചതിൽ മേൽ ഗുണഭോക്താക്കൾക്ക് 60 വയസ്സ് പൂർത്തിയാകുവാൻ വർഷങ്ങൾ ബാക്കിയിരിക്കെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (Enq 11/14-07-2023). ഗുണഭോക്താക്കളുടെ റേഷൻ കാർഡ് പരിശോധിച്ചിട്ടാണ് ആനുകൂല്യം അനുവദിച്ചതെന്നും പ്രൊജക്ട് പട്ടികജാതി ക്ഷേമം മുൻനിർത്തി നടപ്പിലാക്കിയതാണ് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് മാത്രമാണ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് എന്ന് ഉറപ്പാക്കേണ്ടതും അനർഹരെ ഒഴിവാക്കേണ്ടതുമാണ്. ആധാർകാർഡ്/റേഷൻകാർഡ് തുടങ്ങിയ അടിസ്ഥാന രേഖകളിൽ വ്യത്യസ്തമായ പ്രായം രേഖപ്പെടുത്തിയിട്ടുള്ളവരുടെ കാര്യത്തിൽ എപ്രകാരം തീരുമാനം കൈക്കൊള്ളണമെന്നത് സർക്കാർ തലത്തിൽ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

## 1-22 അങ്കണവാടി നിർമ്മാണത്തിനായി തുക നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ലെക്കിടി - പേരൂർ ഗ്രാമ പഞ്ചായത്തും, വനിതാ ശിശു വികസന വകുപ്പും , MGNREGS ഉം സംയുക്തമായി നടപ്പിലാക്കുന്ന വിവിധ അങ്കണവാടികളുടെ നിർമ്മാണ പ്രവൃത്തികൾക്കായി MGNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടർക്ക്, സെക്രട്ടറി ഗ്രാമ പഞ്ചായത്തിന്റെ വിഹിതം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണം- സെക്രട്ടറി

| ക്രമ നം | പ്രൊജക്ട് നം | വൗച്ചർ നം. | തുക | അക്കൌണ്ട് നം |
|---|---|---|---|---|
| 1 | 194/23 , ഇങ്ങോറ അങ്കണവാടി നിർമ്മാണം - സെന്റർ നമ്പർ-1 | 22200887, 28-02-2023 | 300000രൂപ | 799011400000486 |
| 2 | 199/23, അങ്കണവാടി നിർമ്മാണം -സെന്റർ നമ്പർ-9 | 22200886 28-02-2023 | 300000രൂപ | 799011400000486 |
| 3 | 203/23, കായൽപള്ള അങ്കണവാടി നിർമ്മാണം | 22200888 28-02-2023 | 100000രൂപ | 799011400000486 |

| | | | | |
|---|---|---|---|---|
| | -സെന്റർ നമ്പർ-23 | | | |
| 4 | 204/23അങ്കണവാടി നിർമ്മാണം -സെന്റർ നമ്പർ-30 | 22200889 28-02-2023 | 300000രൂപ | 799011400000486 |

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14 ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 8.8.2(2) പ്രകാരം എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വനിതാ ശിശു വികസന വകുപ്പ്, MGNREGS എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങളുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അങ്കണവാടികളുടെ നിർമ്മാണ പുരോഗതി അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (12/ 14-07-2023) മറുപടിയിൽ മേൽ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ എം ജി എൻ ആർ ഇ ജി എസ് തുക 50000 രൂപയിൽ നിന്നും 80000 രൂപയാക്കി വർദ്ധിപ്പിക്കുകയും എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ആക്ഷൻ പ്ലാൻ അംഗീകാരത്തിനായി ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ടെന്നും കെട്ടിട നിർമ്മാണങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി പൂർത്തീകരണം കൃത്യമായി മോണിട്ടർ ചെയ്ത് തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ-മരുന്ന് ലഭ്യമായിട്ടില്ല.

പ്രൊജക്റ്റ് -S0020/23- ഹോമിയോ ഹോസ്പിറ്റലിലേക്ക് മരുന്നു വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (ഹോമിയോ )

അടങ്കൽ – 500000 രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ്: ബിൽ നം -1/22-23 –

തിയതി-3.11.2022– 500000 രൂപ.

ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന മേൽ പ്രൊജക്റ്റ് പ്രകാരം തൻ വർഷം ആകെ ലഭ്യമായത് 202791/-രൂപയുള്ള മരുന്നുകൾ മാത്രമാണ്. (ഇൻവോയിസ് L.F 454 തീയതി 5.7.2023) അവശേഷിക്കുന്ന (500000-202791=297209) 297209/-രൂപയുള്ള മരുന്ന് ലഭ്യമായിട്ടില്ല.ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/20-7-2023) നിർവ്വഹണോദ്യോഗസ്ഥൻ നിരന്തരമായി ഹോംകോയോട് മരുന്ന് ലഭ്യമാക്കുവാൻ അഭ്യർത്ഥിച്ചതായ വിവരങ്ങൾ മറുപടിയായി സമർപ്പിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാവുന്ന മുറയ്ക്ക് സ്റ്റോക്കിൽ രേഖപ്പെടുത്തിയശേഷം ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 സുഭിക്ഷകേരളം പദ്ധതി-തരിശു ഭൂമി കൃഷി പ്രോത്സാഹനം- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പ്രൊജക്റ്റ് നം. - 109/23

അടങ്കൽ - 92000/-വികസന ഫണ്ട് (ജനറൽ)

ചെലവ് -55680/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

തരിശ് ഭൂമിയിലെ നെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സുഭിക്ഷ കേരളം പദ്ധതി

ആവിഷ്കരിച്ചിട്ടുണ്ട്. രണ്ട് ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. പതിനാലാം പദ്ധതിയുടെ സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങളുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022 /ത.സ്വ.ഭ.വ തീയതി 28-05-2022 ലെ ഖണ്ഡിക 6.1.8 പ്രകാരം തരിശുഭൂമിയിലെ കൃഷിക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയത് പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്യിട്ടില്ലാത്ത ഭൂമിയെയാണ് തരിശായി പരിഗണിക്കേണ്ടത്. ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. തരിശുഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ആനുകൂല്യം നൽകാവുന്നത്. ആനുകൂല്യം രണ്ടു തവണകളായി നൽകാവുന്നതാണ്. ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്കു ശേഷവും.

കൃഷി ഓഫീസർ നടപ്പിലാക്കിയ തരിശു ഭൂമി കൃഷി പ്രോത്സാഹനം എന്ന പദ്ധതിയിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ധനസഹായം നൽകിയിരിക്കുന്നത്. തരിശു ഭൂമി സംബന്ധിച്ച കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. രണ്ടാം തവണ ആനുകൂല്യം നൽകിയപ്പോൾ പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ഇല്ല.പദ്ധതികൾ നടപ്പാക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 7/12-7-2023)

1-25 എ.ബി.സി പ്രോഗ്രാം - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നം. | 98/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 200000/- |
| ചെലവ് | 200000/-<br>( തനത് ഫണ്ട്)<br>Sanction Order - 278/21-02-2023 |

ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന എ.ബി.സി പ്രോഗ്രാം നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി 200000/- രൂപ ജില്ലാ പഞ്ചായത്ത്, പാലക്കാടിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ടി തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

1-26 എസ്.എസ്.കെ പഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി എസ്.എസ്.കെ പദ്ധതിക്കായി താഴെ പറയുന്ന തുകകൾ State Project Director, Samagra Siksha Kerala എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നം. - 102/23<br>എസ്.എസ്.കെ പഞ്ചായത്ത് വിഹിതം - ജനറൽ | പ്രൊജക്ട് നം. - 103/23<br>എസ്.എസ്.കെ പഞ്ചായത്ത് വിഹിതം - എസ് സി പി |
| അടങ്കൽ - 1455235/-(വികസന ഫണ്ട്- പൊതുവിഭാഗം സാധാരണ വിഹിതം) | അടങ്കൽ - 300000/-(വികസന ഫണ്ട്- എസ് സി പി) |
| ചെലവ് - 1455235/- | ചെലവ് - 300000/- |

| | |
|---|---|
| ട്രഷറി ബിൽ നം. 2/22-23, 1455235/-28-10-22 | ട്രഷറി ബിൽ നം. 01/22-23, 300000/-28-10-22 |

പദ്ധതികൾ പ്രകാരമുള്ള ചെലവ് തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

1-27 ലൈഫ് ഭവന പദ്ധതി - വിവിധ ഗഡുക്കൾ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

സാമ്പത്തിക വർഷം ലൈഫ് മിഷനിൽ ഉൾപ്പെടുത്തി വിവിധ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം അനുവദിച്ച്കൊണ്ട് താഴെ പറയുന്ന പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.

എ)ലൈഫ് മിഷൻ ഭവന നിർമ്മാണം -ജനറൽ

| | |
|---|---|
| പ്രൊജക്റ്റ് നം. | 59/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 6000000/- |
| ചെലവ് | 533795/- (433795/- വികസന ഫണ്ട്- പൊതുവിഭാഗം സാധാരണ വിഹിതം 100000/- സംസ്ഥാനാവിഷ്കൃത ഫണ്ട്) |

ബി)ലൈഫ് മിഷൻ ഭവന നിർമ്മാണം -ജനറൽ (Spill Over Project)

| | |
|---|---|
| പ്രൊജക്റ്റ് നം. | 22/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 16440000/- |
| ചെലവ് | 765000/- (765000/- വികസന ഫണ്ട്- പൊതുവിഭാഗം സാധാരണ വിഹിതം) |

സി)ലൈഫ് മിഷൻ ഭവന നിർമ്മാണം - പട്ടികജാതി

| | |
|---|---|
| പ്രൊജക്റ്റ് നം. | 58/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 32800000/- |
| ചെലവ് | 6086500/- (874288/- വികസന ഫണ്ട്- പൊതുവിഭാഗം |

| | |
|---|---|
| | സാധാരണ വിഹിതം<br>4712212/- വികസന ഫണ്ട്- എസ്.സി.പി<br>500000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

ഡി)അതിദാരിദ്ര ലിസ്റ്റിൽപ്പെട്ടവർക്ക് ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം.

| | |
|---|---|
| പ്രൊജക്റ്റ് നം. | 220/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 5600000/- |
| ചെലവ് | 400000/-<br>( വികസന ഫണ്ട്- പൊതുവിഭാഗം സാധാരണ വിഹിതം) |

പ്രൊജക്റ്റുകളുടെ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ ഇതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെന്ന് കണ്ടെത്തി. വിശദ വിവരം ചുവടെ ചേർക്കുന്നു.

1)ജനറൽ വിഭാഗത്തിൽ ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ

| ക്രമ നം. | വാർഡ് നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | നൽകാനുള്ള തുക |
|---|---|---|---|---|
| 1 | 13 | ചിത്ര.എസ്, സിന്ധു നിവാസ് | 293795/- | 106205/- |
| 2 | 8 | ഉമ്മു, പൂക്കാട്ട്കുന്ന് | 40000/- | 360000/- |
| 3 | 10 | സൈനബ, കല്ലിങ്കൽതൊടി, അകലൂർ | 40000/- | 360000/- |
| 4 | 18 | സരോജിനി,കുന്നുട്ടിക്കൽ | 300000/- | 100000/- |
| 5 | 8 | സഫിയ, പൂക്കാട്ട്കുന്ന് | 360000/- | 40000/- |

2)എസ്.സി. വിഭാഗത്തിൽ ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ

മുൻ വർഷം ആനുകൂല്യം കൈപ്പറ്റിയവർക്ക് ബാക്കി തുക നൽകിയതുൾപ്പെടെ ആകെ 121 പേർക്ക് തൻവർഷം ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും 14 പേർ മാത്രമാണ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. ബാക്കി 107 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. പദ്ധതി പ്രകാരമുള്ള ചെലവ് തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വിവിധ ഗഡുക്കൾ നൽകിയതിന്റെ വിവരം | ആകെ തുക |
|---|---|
| 112*40000 | 4480000/- |
| 4*160000 | 640000/- |
| 1*60000 | 60000/- |
| 8*100000 | 800000/- |

| | |
|---|---|
| 106500 | 106500/- |
| ആകെ | 6086500/- |

3)അതിദാരിദ്ര്യ ലിസ്റ്റിൽപ്പെട്ടവർക്ക് 2022-23 സാമ്പത്തിക വർഷം പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ ആരും തന്നെ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | വാർഡ് നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | നൽകാനുള്ള തുക |
|---|---|---|---|---|
| 1 | 6 | സഫീന.ടി.എച്ച്, തോട്ടത്തിൽപ്പറമ്പിൽ ഹൗസ് | 200000/- | 200000/- |
| 2 | 16 | വിജയലക്ഷ്മി, കട്ടിലംകുറിശ്ശി | 40000/- | 360000/- |
| 3 | 7 | സരോജിനി, പൂക്കാട്ട്കുന്നത്ത് | 40000/- | 360000/- |
| 4 | 9 | പദ്മിനി, കോട്ടക്കാട്ട്പ്പറമ്പ് | 40000/- | 360000/- |
| 5 | 16 | സൈനബ, കാക്കരപ്പറമ്പിൽ | 40000/- | 360000/- |
| 6 | 4 | ജമീല, പള്ളക്കാട്ടിൽഹൗസ് | 40000/- | 360000/- |

ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-28 ഭവന പുനരുദ്ധാരണം - പദ്ധതി പൂർത്തീകരണം മോണിട്ടർ ചെയ്യേണ്ടതാണ്

സാമ്പത്തിക വർഷം എസ്.സി വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് ഭവന പുനരുദ്ധാരണത്തിന് ആനുകൂല്യം അനുവദിച്ച് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 74/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 1200000/- |
| ചെലവ് | 880000/-<br>(വികസനഫണ്ട്- എസ്.സി.പി) |

2022-23 സാമ്പത്തിക വർഷം പദ്ധതി പ്രകാരം 25 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ 2 ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | വാർഡ് നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | നൽകാനുള്ള തുക |
|---|---|---|---|---|
| 1 | 13 | പ്രഭാകരൻ, അകലൂർ | 20000/- | 20000/- |

| | | | | |
|---|---|---|---|---|
| 2 | 11 | പാർവ്വതി,മുല്ലക്കൽ | 20000/- | 20000/- |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

പതിനാലാം പദ്ധതിയുടെ സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങളുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28-05-2022 ലെ ഖണ്ഡിക 6.7.4 പ്രകാരം വീട് വാസയോഗ്യമാക്കൽ പ്രവൃത്തിക്ക് പട്ടികജാതി വിഭാഗത്തിന് എൽ.എസ്.ജി.ഡി ഓവർസീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 150000/- രൂപ വരെ നൽകാവുന്നതാണ്. വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 40000/- രൂപയിൽ കൂടുതലുള്ള ഗുണഭോക്താക്കൾക്കും ടി പദ്ധതി പ്രകാരം 40000/- രൂപ മാത്രമാണ് നൽകിയിട്ടുള്ളത്.പദ്ധതികൾ നടപ്പാക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള തുക വകയിരുത്തുന്നതിനും ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 90 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 68 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ 20എണ്ണം സ്പിൽ ഓവറും 48എണ്ണം പുതിയ പ്രവൃത്തികളുമാണ്. ₹45220102/- വകയിരുത്തിയതിൽ ₹23255804/- ആണ് ചെലവഴിച്ചിട്ടുള്ളത്. 51% ആണ് തൻവർഷത്തെ ആകെ ചെലവ്.

തൻ വർഷം റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് എൻ.ഒ.സി ലഭിക്കാൻ വന്ന തടസ്സം മൂലം സ്പിൽ ഓവർ പ്രവൃത്തികളിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് പദ്ധതി (ലക്കിടി റെയിൽവെ ഗേറ്റിനു സമീപം പൊതു ടോയ് ലെറ്റ് നിർമ്മാണം), പള്ളംതുരുത്ത് ലിഫ്റ്റ് ഇറിഗേഷൻ , ലെക്കിടി തടയണ നവീകരണം തുടങ്ങിയ പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

റോഡിതര മെയിന്റനൻസ് ഫണ്ടിനത്തിൽ ₹4483974/-രൂപ വകയിരുത്തി 9 പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 6 പ്രൊജക്ടുകൾക്കായി ₹2831360/-രൂപയാണ് (വകയിരുത്തിയ തുകയുടെ 63%) തൻവർഷം ചെലവഴിച്ചിട്ടുള്ളത്. പഞ്ചായത്ത് മൈതാനം പുനരുദ്ധാരണം എന്ന പ്രവൃത്തിക്ക് 1074493/-രൂപ വകയിരുത്തിയെങ്കിലും തനത് ആസ്തിയായതിനാൽ തുക ചെലവഴിച്ചിട്ടില്ല. വകയിരുത്തൽ മെയിന്റനൻസ് ഗ്രാന്റ് മാർഗ്ഗരേഖക്ക് അനുസൃതമാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

റോഡ് മെയിന്റനൻസ് ഫണ്ടിൽ വകയിരുത്തിയ തുകയുടെ 88% ചെലവഴിച്ചിട്ടുണ്ടെങ്കിലും ലഭ്യമായ ഫണ്ടിൽ നിന്ന് ₹4302023/- ലാപ്സായിട്ടുണ്ട്. ലഭ്യമായ ഫണ്ടിന്റെ 69% ചെലവഴിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമായ 31 പ്രവൃത്തികളിൽ 4 എണ്ണം നിർവ്വഹിച്ചിട്ടില്ല.

റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി വകയിരുത്തുന്ന തുക ലാപ്സാവാതെ സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ആസ്തി വിവരം കാലികമാക്കൽ

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് തനത് ഫണ്ടിൽ നിന്ന് 57000രൂപ വകയിരുത്തി സർവ്വെ ചെയ്യുന്നതിനായി 30000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എല്ലാ വാർഡുകളിലുമുള്ള റോഡുകളുടെ സർവ്വെ പൂർത്തീകരിച്ചിട്ടുള്ളതും, 2021-22 വരെയുള്ള റോഡുകളുടെ വിവരങ്ങൾ കാലികമാക്കിയിട്ടുള്ളതുമാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് അന്വേഷണത്തിന് (നം-8/13.07.23) മറുപടി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങളുടെ അപ്ഡേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

ആസ്തി സംരക്ഷണ പദ്ധതി

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. നിലവിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതെയാണ് സംരക്ഷണ പദ്ധതികൾ രൂപീകരിക്കുന്നത്. കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം മുൻഗണനാക്രമത്തിൽ ആസ്തി സംരക്ഷണ പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

## 1-30 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ - പൊതുമരാമത്ത് വകുപ്പ് മാന്വൽ വ്യവസ്ഥകൾ പാലിച്ചിട്ടില്ല

സാമ്പത്തിക വർഷം പൂർത്തീകരിച്ച താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണം പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (ജി.ഒ(പി) 13/2012 PWD/1.02.12) വ്യവസ്ഥകൾ അനുസരിച്ചല്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസി. എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുൻപായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരന്റെ പിഴവു മൂലം കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ , കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിന്മേൽ ഭരണസമിതിയുടെ അനുമതി വാങ്ങി PACയുടെ 1% വരെ ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കേണ്ടതാണ്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിക്കു ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ചതിനു ശേഷമാണ് കരാറുകാരന് തുക നൽകാവുന്നത്.

താഴെപ്പറയുന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറിലെ വ്യവസ്ഥ(നം.6 ) പ്രകാരം പ്രവൃത്തി തുടങ്ങുന്നതിനായി കരാർ ഒപ്പുവച്ച് സ്ഥലം ഏറ്റുവാങ്ങി 10 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സ്പിൽ ഓവർ പ്രവൃത്തിയിൽ പൂർത്തീകരണ സമയവും കഴിഞ്ഞ് 16 ദിവസത്തിനു ശേഷമാണ് പ്രവൃത്തി നിർവ്വഹണം ആരംഭിച്ചിട്ടുള്ളത്. നിർവ്വഹണ കാലാവധി പരമാവധി പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിച്ചിട്ടുമുണ്ട്. നിലവിലുള്ള പഴയ ടോയ് ലെറ്റ് ഡെമോളിഷ് ചെയ്യുന്നതിൽ വന്ന കാലതാമസം കാരണമാണ് പ്രവൃത്തി ആരംഭിക്കുവാൻ തടസ്സമായത് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതിരുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കരാറുകാരന്റെ അപേക്ഷയിന്മേൽ അസി. എഞ്ചിനീയർ 21.11.22 വരെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.. PACയുടെ 1% വരെ ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണോ കുറവ് അത്) ആണ് ഒറ്റത്തവണ ദീർഘിപ്പിച്ച നൽകാവുന്നത്.കൂടാതെ കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. പ്രവൃത്തി ദീർഘിപ്പിച്ചതിന്നാധാരമായ ഭരണസമിതി തീരുമാനം ഫയലിൽ ഇല്ല. കരാറിൽ പൂർത്തീകരണ സമയം രേഖപ്പെടുത്തിയിട്ടില്ല. സാങ്കേതികാനുമതി പ്രകാരം പൂർത്തീകരണ കാലാവധി 6 മാസമാണ്.

പ്രവൃത്തിയുടെ വിവരം

So 32 /23 – പഞ്ചായത്ത് ഓഫീസ് ടോയ് ലെറ്റ് പുനർനിർമ്മാണം, അനുബന്ധ പ്രവൃത്തികൾ

അടങ്കൽ-485000 (തനത് ഫണ്ട് )

ചെലവ്- 484428

PAC- 433036

കരാറുകാരൻ - ശ്രീ. ശ്രീകണ്ഠൻ.കെ, ലക്കിടി

എഗ്രിമെന്റ് നം-3/21-22/11.08.21

അളവു പുസ്തകം - 25/21-22

വൗച്ചർ നം/ തീയതി - 2220075/19-01-2023 തുക - 276769/-

സാങ്കേതികാനുമതി പ്രകാരം പൂർത്തീകരണ കാലാവധി - 6 മാസം

ആരംഭിച്ച തീയതി-28.02.22

കരാറുകാരന്റെ അപേക്ഷയിന്മേൽ അനുവദിച്ച ദീർഘീകരണം - 21.11.22

പ്രവൃത്തി പൂർത്തീകരിച്ച തീയതി(എം-ബുക്ക് പ്രകാരം) - 13.11.22

ഈടാക്കേണ്ടിയിരുന്ന കുറഞ്ഞ പിഴ(PAC X 1%) - 433036 X 1% = 4330/-

മേൽ പ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്ന് ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-31 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- വിവരങ്ങൾ

സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 5269 കുടുംബങ്ങൾ രജിസ്റ്റർ ചെയ്യുകയും 5269 കുടുംബങ്ങൾക്കും തൊഴിൽ കാർഡ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 132 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുള്ളത്. 2022-23 ൽ 544 പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുകയും 438 എണ്ണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 3,55,40000 രൂപ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട് .10-02-23ന് സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്.

നടപ്പിലാക്കിയ പ്രവൃത്തികളുടെയും ചെലവഴിച്ച തുകകളുടെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തികളുടെ പേര് | നടപ്പിലാക്കിയത് | ചെലവഴിച്ച തുക |
|---|---|---|
| ചെറുകിട ജലസേചനം | 15 | 702860 |
| വ്യക്തിഗതം | 419 | 10383873 |
| വാട്ടർ കൺസർവേഷൻ | 3 | 273369 |
| വാട്ടർ ഹാർവെസ്റ്റിങ് | 0 | 0 |
| റോഡു നിർമ്മാണം | 5 | 9803640 |
| ഭവനം | 60 | 1617200 |
| ആകെ | 502 | 22780942 |

ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യമിട്ട പ്രവൃത്തികൾ പൂർത്തീകരിക്കുവാനും പരമാവധി കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 10.07.2023 മുതൽ 18.07.2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 355250 | അങ്കണവാടി നിർമ്മാണം | 355250 | 0 |
| | 2021-22 | 20000 | ജനകീയ ഹോട്ടൽ | 20000 | 0 |
| | 2019-20 | 530399 | ലൈഫ് ഭവനം | 0 | 530399 |
| | 2022-23 | 500000 | ലിഫ്റ്റ് ഇറിഗേഷൻ | 0 | 500000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 101565 | സ്കോളർഷിപ്പ് | 100590 | 975 |
| | 2019-20 | 41 | ലൈഫ് - ജനറൽ | 0 | 41 |
| | 2022-23 | 30000 | ആശ്രയ ഫണ്ട് | 0 | 30000 |
| | | 1016 | വിവരങ്ങൾ ലഭ്യമല്ല | 0 | 1016 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | സാങ്ഷൻ ഓർഡർ നം., തീയതി, തുക | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ, ലെക്കിടി -പേരൂർ | എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 124,29-12-2022, തുക -1558204<br>232-08-02-2023, തുക 44880<br>ആകെ 1603084-ധനകാര്യ കമ്മീഷൻ ഗ്രാന്റ്, | -1603084 | Uc ലഭിച്ചിട്ടില്ല |
| കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ, ലെക്കിടി -പേരൂർ | വിവിധ വാർഡുകളിൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 121/29-12-22-തുക-22411<br>148/07-01-23 തുക-354<br>201/01-02-23 തുക-286112<br>457/29-03-23 തുക-84846<br>ആകെ 393723-ധനകാര്യ കമ്മീഷൻ ഗ്രാന്റ്, | തുക 393723- | Uc ലഭിച്ചിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടെയും വർഷാവസാനം തിരിച്ചടയ്ക്കാൻ ശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | ആകെ വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC | GO(MS)No. 68/2018. LSGD | 13832117 | - | 13832117 | 3726256 | - | 10105861 |

| | | | | | | | |
|---|---|---|---|---|---|---|---|
| വായ്പ | Dt.18.5.2018 | | | | | | |

വികസന ഫണ്ട് (ജനറൽ) -ൽ നിന്നും 2430693രൂപയും വികസന ഫണ്ട് (എസ്.സി.പി)-ൽ നിന്നും 1295563രൂപയും ഉൾപ്പെടെ ആകെ 3726256 രൂപ തിരിച്ചടച്ചിട്ടുണ്ട്.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 132566843 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54277081 |
| നീക്കിയിരിപ്പ് | 78289762 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം | 4330/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 4330 | ശ്രീമതി സബ്ന.ജെ അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സബ്ന.ജെ അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് | E-1 D, ന്യൂ സിവിൽ നഗർ, പാലക്കാട് – 678013 |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ- പി.കെ.ഡി 13/494/2022/25.11.22 – ഓഡിറ്റ് അദാലത്ത് | 6 |
| 1997-98 | | 27 |
| 1998-99 | | 5 |
| 1999-00 | | 8 |
| 2000-01 | | 1 |
| 2001-02 | | 3 |
| 2002-03 | | 10 |
| 2003-04 | | 19 |
| 2004-05 | | 4 |
| 2005-06 | | 5 |
| 2006-07 | | 2 |
| 2007-08 | | 2 |
| 2008-09 | | 5 |
| 2009-10 | | 4 |
| 2010-11 | | 5 |
| 2011-12 | | 2 |
| 2012-13 | | 11 |
| 2013-14<br>2014-15 | | 8 |
| 2015-16 | | 2 |
| 2016-17 | | 13 |
| 2017-18 | | 1 |
| 2018-19 | | 16 |
| 2019-20 | KSA-PKD16/1466 /22/06.07.2022 | 12 |
| 2020-21 | KSA-PKD16/1467 /22/06.07.2022 | 21 |
| 2021-22 | KSA-PKD17/2137 /22/15.12.2022 | 40 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 32(1) dated 22-06-2023 and submitted on 22-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Lekkidi Perur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Lekkidi Perur Grama Panchayat for the year 2022-2023

Date: 03/10/2023

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Lekkidi Perur Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.

2. Cashflow statement- Net increase /decrease in cashflow not in accordance with the difference between the opening balance and closing balance of cash and cash equivalents.

3. Asset register not updated . Hence the value of Fixed assets (schedule-B11), Accumulated depreciation (schedule-B11(a) as per Balance
sheet could not be ascertained.

4. Value of Fixed assets as per Balance sheet schedule same as that of the previous year.The value of Capital work in progress

is zero as per Balance sheet schedule.

5. Depreciation value provided for Plant & Machinery is same as that of the previous year.

6. Details of the following amounts included in B4 schedule not produced.

| Sl. No. | Code | Head | Amount | Account |
|---|---|---|---|---|
| 1 | 320100999 | Other liabilities | 63600 | Co-op Urban bank(204000004458) |
| 2 | 320700205 | JV project Dist. panchayat share | 1016 | LGTSB (A/c ÂÂ 799013000000507) Sub Treasury, Ottapalam |

7. Misclassification of payment voucher

8. Cheque deposited but not credited.

9.Lapse in making timely demand entries of property tax.

10.Yearly Abstract as per Rent register not in accordance with the AFS.

11. The value pertaining to Fees & User charges differ in I-4 and RP-4 schedules.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## Annual Financial Statement

| Lekkidi Perur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 8910905.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 447444.00 |
| 140000000 | Fee & User Charges | I-4 | 1483216.00 |
| 150000000 | Sale & Hire Charges | I-5 | 116755.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 145409934.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 1534071.00 |
| 180000000 | Other Income | I-9 | 96314.00 |
| 190000000 | Prior Period Income | I-19 | -2279040.00 |
| | Total Income | | 157998639.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 11867119.00 |
| 220000000 | Administrative Expenses | I-11 | 1258011.00 |
| 230000000 | Operations & Maintenance | I-12 | 2988633.00 |
| 240000000 | Interest & Finance Charges | I-13 | 667.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 9466424.00 |

| | | | |
|---|---|---|---|
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 38901917.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 7395667.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 19518769.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 57569700.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1100207.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 7479519.00 |
| | Total Expenditure | | 157546633.00 |
| | Gross Surplus / Deficit of income over Expenditure | | 452006.00 |
| | Gross Surplus / Deficit of income over Expenditure | | 2648547.00 |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 82499.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -2196541.00 |

| Lekkidi Perur Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 62123794.00 |
| Cash | Cash | RP-40(a) | 4316.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1619950.00 |
| 130000000 | Rental income from Panchayat Properties | RP-3 | 443700.00 |
| 140000000 | Fees & User Charges | RP-4 | 1219116.00 |
| 150000000 | Sale & Hire Charges | RP-5 | 116755.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 16448000.00 |
| 171000000 | Interest Earned | RP-9 | 1534071.00 |
| 311000000 | Earmarked Funds | RP-28 | 1063.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 15748290.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 32149610.00 |
| 460000000 | Loans, Advances and Deposits | RP-49 | 34062.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 11100.00 |
| 340000000 | Deposits Received | RP-33 | 289617.00 |
| 350000000 | Other Liabilities | RP-35 | 823399.00 |
| | Grand total | | 132566843.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 1875.00 |
| 320000000 | Grants, Funds & Contributions | RP-30 | 456021.00 |

| | | | |
|---|---|---|---|
| | for Specific Purposes | | |
| 431000000 | Sundry Debtors (Receivables) | RP-45 | 16913816.00 |
| 460000000 | Loans, Advances and Deposits | RP-49 | 544600.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 307972.00 |
| 350000000 | Other Liabilities | RP-35 | 36052797.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 78104829.00 |
| Cash | Cash | RP-40(b) | 184933.00 |

| Lekkidi Perur Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 62247002.25 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 40974.00 |
| 312000000 | Reserves | B-3 | 86154403.00 |
| | Total Reserve & Surplus | | 148442379.25 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 16064237.00 |
| | Total Grants, Contributions for Specific Purposes | | 16064237.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 10105861.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 10105861.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 261364.00 |

| | | | |
|---|---|---|---|
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1928132.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2189496.00 |
| | TOTAL LIABILITIES | | 176801973.25 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 362358.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 147828.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 12372095.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 89598929.00 |
| 416000000 | Accumulated Depreciation | B-11(a) | -35056812.00 |
| | Total Fixed Assets | | 67424398.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 17528177.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 10105861.00 |
| 450000000 | Cash and Bank Balance | B-17 | 78289762.00 |
| 460000000 | Loans, Advances and Deposits | B-18 | 3859728.25 |

| | | | |
|---|---|---|---|
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 109783528.25 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 177207926.25 |

Deputy Director